an IPC Kerala State Publication

# സീയോൻ കാഹളം

## ZION KAHALAM

XXXV | ISSUE 2 | 2017 JUNE




**ചാരിതാർത്ഥ്യത്തോടെ ഒരു വർഷം പിന്നിടുന്നു**

**സഭയുടെ മുഖ്യ ദൗത്യം**



**ഉയരങ്ങളിലേക്ക്**

## ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ

**ഡിസംബർ 5–10 | കോട്ടയം നെഹ്റു സ്റ്റേഡിയം**

# സീയോൻ കാഹളം
ZION KAHALAM


പബ്ലിക്കേഷൻ ബോർഡ്


പാസ്റ്റർ ഏബ്രഹാം ജോർജ്ജ് (ചെയർമാൻ)


പാസ്റ്റർ തോമസ് മാത്യു ചാരുവേലിൽ (വൈസ് ചെയർമാൻ)


എബ്രഹാം ജോസഫ് (ചീഫ് എഡിറ്റർ)


ബിനോയ് ഇടക്കല്ലൂർ (സെക്രട്ടറി)


ജെസ്റ്റിൻ രാജ് (ട്രഷറാർ)


ഗ്ലാഡ്സ്റ്റൺ ജേക്കബ് (പബ്ലീഷർ)


പാസ്റ്റർ സുനിൽ വേട്ടമല (മാനേജിംഗ് എഡിറ്റർ)


കെ.റ്റി.ജോഷ്വ (സർക്കുലേഷൻ മാനേജർ)


വിൻസി പി. മാമ്മൻ (ഓഫീസ് സ്റ്റാഫ്)


ജോൺ വിനോദ് സാം (ഓഫീസ് സ്റ്റാഫ്)


ബോബൻ എ.റ്റി. (ഓഫീസ് സ്റ്റാഫ്)


## താളുകൾ മറിക്കുമ്പോൾ


എഡിറ്റോറിയൽ 3
*എബ്രഹാം ജോസഫ്*

ചെയർമാന്റെ സന്ദേശം 4
*പാസ്റ്റർ എബ്രഹാം ജോർജ്*

പ്രസിഡന്റിന്റെ സന്ദേശം 5
*പാസ്റ്റർ കെ.സി.തോമസ്*

സ്റ്റേറ്റ് സെക്രട്ടറിയുടെ കത്ത് 6
*പാസ്റ്റർ ഷിബു നെടുവേലിൽ*

അഭിമാനത്തോടെ ഒരു വർഷം പിന്നിടുന്നു 7
*ജോയി താനുവേലിൽ*

സഭയുടെ മുഖ്യ ദൗത്യം 8
*പാസ്റ്റർ കെ.സി.ജോൺ*

പരസ്യകോലമാവല്ലെ 9
*സജി മത്തായി കാതേട്ട്*

നമുക്കുവേണം മതപ്രബോധനവും പിന്നെ നിയമബോധവും 11
*രാജു ആനിക്കാട്*

സ്വഭാവവൈശിഷ്ട്യമുള്ള ഒരു കർത്തൃദാസൻ 12
*പാസ്റ്റർ പി. ജെ. ഡാനിയേൽ*

സോഷ്യൽ മീഡിയ ന്യൂക്ലിയർ എനർജി 15
*പാസ്റ്റർ. ജോമോൻ തെക്കേക്കര*

വനമേഘലയിലെ സഭാ പ്രവർത്തനം 16
*ഇവാ പാസ്റ്റർ ജോസഫ് വറുഗീസ്*

ഉയരങ്ങളിലേക്ക് 17
*ഒമേഗ സുനിൽ*

മലയാളി തലകുനിക്കുന്നു 19
*പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നിൽ*

വാർത്തകൾ 21



Address: Chief Editor, Zion Kahalam, Hebron,
Kumbanad - 689 547, Kerala, India
9446115927 / 9447329000 / 9447273013



വാർഷിക വരിസംഖ്യ
100 രൂപ മാത്രം



അഡ്വൈസറി ബോർഡ്


പാസ്റ്റർ കെ.സി. തോമസ് (പ്രസിഡന്റ്)


പാസ്റ്റർ രാജു പൂവക്കാല (വൈസ് പ്രസിഡന്റ്)


പാസ്റ്റർ ഷിബു നെടുവേലിൽ (സെക്രട്ടറി)


പാസ്റ്റർ സി.സി. ഏബ്രഹാം (ജോ. സെക്രട്ടറി)


മോനി കരിക്കം (ജോ. സെക്രട്ടറി)


ജോയി താനുവേലിൽ (ട്രഷറർ)

Editorial
എഡിറ്റോറിയൽ



# സ്വാതന്ത്രം ഹനിക്കപ്പെടുമ്പോൾ അടുക്കളയിലേക്കും അധികാരത്തിന്റെ കടന്നുകയറ്റം

മതേതര ഇന്ത്യയുടെ മാനം കെടുത്തി കൊണ്ട് മതമൗലിക വാദികൾ നേതൃത്വം നൽകുന്ന ഭരണകൂടം. ഒരു ഇൻഡ്യൻ പൗരന് ഭരണഘടന അനുശാസിക്കുന്ന ഭക്ഷണം പോലും സ്വാതന്ത്ര്യം ഇല്ലാതാകുവാൻ ശ്രമിക്കുന്ന വാർത്ത അമ്പരപ്പോടെയാണ് ഇൻഡ്യയും ലോകവും കേട്ടത്.

ഇൻഡ്യയിലെ ജനങ്ങൾക്ക് സംസ്കാര ലോകത്തിന്റെ മുമ്പിൽ അന്തസ്സോട് തല ഉയർത്തി നിൽക്കുവാൻ ഇൻഡ്യ ഭരണഘടന അനുശാസിക്കുന്ന മതേതര മൂല്യവും വ്യക്തി സ്വാതന്ത്ര്യവും മത സ്വാതന്ത്യവും കഴിഞ്ഞ കുറെ വർഷങ്ങളായി നിയന്ത്രിക്കുന്ന മതമൗലികവാദികൾ ഇൻഡ്യൻ ഭരണത്തെ സ്വാതന്ത്ര്യത്തിന്റെ ചിറകരിഞ്ഞു വരുന്നു. അതിന്റെ ഏറ്റവും പുതിയ വാർത്തയാണ് മാംസാഹാരത്തിനെ മനുഷ്യൻ ഉപയോഗിക്കുന്ന മൃഗങ്ങളുടെ വ്യാപാരത്തിൻമേൽ ഉള്ള കർശന നിയന്ത്രണം. മാനവരാശിയുടെ ആരംഭം മുതൽ മനുഷ്യർ തനിക്ക് ഇഷ്ടം ഉള്ള സസ്യ, മാംസാഹാരങ്ങൾ കഴിച്ചു വരുന്നതായി ഏത് മതഗ്രന്ഥം പരിശോധിച്ചാലും മനസ്സിലാവും. എന്നാൽ ഇതിനെ ചിലർ അവരുടെ രാഷ്ട്രീയ അധികാരം പിടിച്ചു നിർത്തുവാൻ മതത്തിന്റെയും ജാതിയുടെയും ഭക്ഷണത്തിന്റെയും പേര് പറഞ്ഞ് വിഘടിപ്പിക്കുവാൻ സർക്കാർ ഭരണം ദുർവിനിയോഗം ചെയ്യുന്നു. നാം എങ്ങനെ ജീവിക്കണം, എന്തു ഭക്ഷിക്കണം, എങ്ങനെ വസ്ത്രം ധരിക്കണം ആരോട് പ്രാർത്ഥിക്കണം എന്ന് ഒരുകൂട്ടം നരാധമന്മാർ തീരുമാനിച്ചാൽ അത് ഒരു രാജ്യത്തിന്റെയും അന്തസുയർത്തുകയല്ല മറിച്ച് അരാജകത്വവും അസമാധാനവും കൂടി രക്തസാക്ഷികളെ സൃഷ്ടിക്കുവാൻ മാത്രമെ ഉപകാരമാവുകയുള്ളൂ. ഭരണകൂട ഭീകരത ആണ് ഇൻഡ്യയിൽ കാണുന്നത്. ഈ അവസരത്തിൽ കേരളാ സർക്കാർ കൈക്കൊണ്ട തീരുമാനം പ്രശംസനീയമാണ്.

ഇതിനെ വിശ്വാസികളായ നാം വളരെ ഗൗരവത്തോട് കാണണം. എന്ന് മതത്തിന്റെ ഭീകരപ്രവർത്തനം ആയല്ല അത് പച്ചായായാലും കാവിയായായാലും വെള്ളയായാലും അതിന്റെ ഏറ്റവും വലിയ ഇരകളാകുന്നത് പെന്തക്കോസ്തു വിശ്വാസികൾ ആണ് എന്നതാണ് സത്യം. എന്നാൽ ഒരു യഥാർത്ഥ വിശ്വാസിയെ സംബന്ധിച്ച് ഈ വാർത്ത അവർ കേൾക്കുമ്പോൾ ഭയത്തേക്കാൾ അധികം പ്രത്യാശയാണ് വർദ്ധിക്കേണ്ടത്. കാരണം രണ്ടായിരം വർഷങ്ങൾക്കു മുൻപ് മാനവരാശിയുടെ രക്ഷയ്ക്കായും സമാധാനത്തിനായും കാൽവറി ക്രൂശിൽ മരിച്ച് മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റ് തന്റെ പ്രിയ മക്കൾക്ക് സ്ഥലം ഒരുക്കി തിരികെ വരാം എന്നരുൾ ചെയ്ത യേശുനാഥന്റെ രണ്ടാം വരവിന്റെ ലക്ഷണമായി ബൈബിളിൽ വെളിപ്പാടു പുസ്തകത്തിൽ പറയുന്നു കാര്യങ്ങൾ ആണ് സംഭവിക്കുന്നത് എന്നത് ഉത്തമബോധ്യമുണ്ട്.

ആയതിനാൽ ഇനിയും സുവിശേഷം അറിയാത്തിടത്ത് യേശുക്രിസ്തുവിന്റെ സ്നേഹവും സമാധാനവും രക്ഷയും ഒട്ടും സമയം പാഴാക്കാതെ അറിയിക്കുവാൻ ശ്രമിക്കുകയും അതോടൊപ്പം നമ്മുടെ വിളി ഉറപ്പുവരുത്തി ഒരുങ്ങാം.

എന്ന് ക്രിസ്തുവിൽ പ്രത്യാശയോടെ

**എബ്രഹാം ജോസഫ്**
(സുധി കല്ലുങ്കൽ) ചീഫ് എഡിറ്റർ




# ചെയർമാന്റെ സന്ദേശം

*നീയോ ദൈവത്തിന്റെ മനുഷ്യൻ (1 തിമൊഥി. 6:11-13)*

**പൗ**ലോസിന്റെ വേദജ്ഞാനത്തിൽ പരമോന്നതമായ ഒരു വാക്കാണ് ദൈവം. ദൈവമക്കൾക്കും അതിനപ്പുറം ഒരു പദമില്ല. ഒരു സീനിയർ അപ്പോസ്തോലനായ പൗലോസിന്റെ ശിഷ്യനും കൂട്ടുപ്രവർത്തകനുമായ തിമൊഥിയോസിനെ വിശേഷിപ്പിക്കുന്നതിന് വേറൊരു വാക്കില്ലായിരുന്നു.

ഒരു രാജ്യത്തിന്റെ യഥാർത്ഥ പൗരൻ തന്റെ സമൂഹത്തിന്റെയോ രാജ്യത്തിന്റെയോ ഉന്നതിക്കായി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആ സമൂഹം അല്ലെങ്കിൽ ആ രാജ്യം അങ്ങനെയുള്ളവരെ ആദരിക്കുന്നത് പതിവാണ്. ഇവിടെ പൗലോസിന്റെ സന്തതസഹചാരിയും സുവിശേഷഘോഷണത്തിൽ തന്നോടൊപ്പം പടവെട്ടുവാൻ ആത്മാർത്ഥമായി പ്രവർത്തിച്ചവനുമായ തിമൊഥിയോസിനെ ദൈവത്തിന്റെ മനുഷ്യൻ എന്ന് പ്രഖ്യാപിക്കുന്നതിൽ പൗലോസ് അഭിമാനംകൊണ്ടു. അതാണ് നേതൃത്വഗുണം. ഇന്നത്തെ ആത്മീയലോകത്തിൽ ഒരു നേതാവിനും അങ്ങനെ പ്രസ്താവിപ്പാൻ കഴിയുമോ എന്നുള്ളത് സംശയമാണ്.

ദൈവത്തിന്റെ മനുഷ്യൻ വിട്ടോടേണ്ട പലകാര്യങ്ങളും 1 തിമൊഥി 6-ാം അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ട്. അതുപോലെ പിന്തുടരേണ്ടതും പ്രസ്താവിച്ചിട്ടുണ്ട്. ദൈവത്തിന്റെ മനുഷ്യൻ ഉപദേശവും ജീവിതവും ഒരുപോലെ ക്രമീകരിച്ച് മുമ്പോട്ടുപോകണം. എങ്കിൽ മാത്രമേ ദൈവത്തിന്റെ മനുഷ്യൻ എന്ന പദവിക്ക് അർഹനാകാൻ സാധിക്കുകയുള്ളൂ. ഉപദേശത്തിൽ തെറ്റിയവൻ ജീവിതത്തിലും തെറ്റും. ദൈവം സ്നേഹിക്കുന്നതിനെ സ്നേഹിക്കണം. ദൈവം വെറുക്കുന്നതിനെ വെറുക്കണം. അതാണ് പരിജ്ഞാനപ്രകാരമുള്ള സ്നേഹം. ദൈവം നൽകുന്ന പ്രാപ്തിയും മനുഷ്യന്റെ ഉത്തരവാദിത്വവും ഒത്തുചേർന്നാണ് ദൈവപ്രവർത്തി അവനിൽ പ്രകടമാകേണ്ടത്.


ദൈവത്തിന് പ്രവർത്തിയേക്കാൾ താൽപര്യം പ്രവർത്തകനിലാണ്. മോശയെ നേതൃത്വത്തിലേയ്ക്ക് നയിക്കുന്നതിന് 40 വർഷം മുൻപു തന്നെ ദൈവപ്രവർത്തി മോശയിൽ ആരംഭിച്ചു. എന്നാൽ 40 വർഷങ്ങൾക്കുശേഷമാണ് ദൈവം മോശയിലൂടെ പ്രവർത്തിച്ചത്. ദൈവത്തിന്റെ മനുഷ്യനായി അംഗീകാരം ലഭിക്കുന്നതിൽപ്പരം മറ്റൊന്നും ഇഹലോകത്തിലും പരലോകത്തിലും ഇല്ല. ഒരു യഥാർത്ഥ ദൈവപൈതലിന് ഈ അംഗീകാരം അന്ത്യംവരെ നിലനിർത്താൻ കഴിയുമെങ്കിൽ താൻ കൃതാർത്ഥനായി. ദൈവത്തിന്റെ അംഗീകാരം നിലനിർത്തിക്കൊണ്ടുപോകുവാൻ നമുക്കെല്ലാവർക്കും ദൈവം കൃപനൽകട്ടെ.

ക്രിസ്തുവിൽ



**പാസ്റ്റർ എബ്രഹാം ജോർജ്**
*ചെയർമാൻ, സീയോൻകാഹളം*

പ്രസിഡന്റിന്റെ സന്ദേശം



പാസ്റ്റർ കെ.സി.തോമസ്

# വെളിച്ചത്തിന്റെ മക്കളായി ജീവിക്കുവാൻ ഉത്സാഹിക്കേണ്ടതാവശ്യം

ഇന്ന് വെളിച്ചത്തിന്റെ മക്കൾ ഇരുട്ടിന്റെ മക്കളെപ്പോലെ ജീവിക്കുന്നുയെന്നത് ഇന്നത്തെ സഭകളുടെ മൂല്യച്യുതിയുടെ ഒരു കാരണമാണ്. ഒരു കാലത്ത് ഇരുട്ടിൽ വസിച്ചവരായിരുന്നു നാം ഇരുട്ടിന്റെ അധികാരത്തിൽ ഇരുന്നവരും അന്ധകാരത്തിന്റെ ലോകാധിപതിൽ കീഴ്പ്പെടും ഈ ലോകത്തിന്റെ കാലഗതിക്ക് അനുസരിച്ചും, അനുസരണക്കേടിന്റെ മക്കളിൽ വ്യാപരിക്കുന്ന ആത്മാവിനധിപതിയായവനെ അനുസരിച്ചും ജഡമോഹങ്ങളിലും, ജഡത്തിന്റെ മനോവികാരങ്ങൾക്ക് ഇഷ്ടമായത് ചെയ്തുകൊണ്ടും ദൈവകോപത്തിന്റെ മക്കളായി കഴിഞ്ഞവരായിരുന്നു. എന്നാൽ ഇന്നു നാം അന്ധകാരത്തിൽ കിടക്കുന്നവരല്ല. നാം അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്ക് വിളിക്കപ്പെട്ടവരാണ്. ഇരുട്ടിന്റെ അധികാരത്തിൽ നിന്നും ദൈവം വിളിച്ച് സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിൽ ആക്കി വെയ്ക്കപ്പെട്ടവരാണ്. മുമ്പ് ഇരുട്ട് നമ്മിൽ വസിച്ചിരുന്നു. ഇന്ന് തേജോമയനായ പുത്രൻ നമ്മിൽ വസിക്കുന്നു. അതുകൊണ്ട് ഇന്ന് നാം ഇരുട്ടല്ല ഇന്ന് നാം വെളിച്ചമാണ്. വെളിച്ചത്തിന്റെ മക്കളാണ്. നാം ഇരുട്ടിന്റെ പ്രവർത്തികളിൽ ജീവിക്കേണ്ടവരല്ല. ദൈവമക്കൾ എന്ന് പറയുന്ന പലരിലും ഇരുട്ടിന്റെ പ്രവർത്തികളാണ് കാണുന്നത്. അതുകൊണ്ട് ലോകം ദൈവമക്കളെ അംഗീകരിക്കാൻ തയ്യാറല്ല. ലോകക്കാരും ദൈവമക്കളുമായി ഒരു വ്യത്യാസം ലോകത്തിന് കാണാനില്ല. ഇരുട്ട് പിശാചും, വെളിച്ചം ദൈവവുമാണ്. പിശാചിന്റെ പ്രവർത്തികൾ ചെയ്യുന്നവർ ഇരുട്ടിൽ വസിക്കുന്നവരാണ്. ദൈവത്തിന്റെ പ്രവർത്തികൾ ചെയ്യുന്നവൻ ദൈവത്തിൽ വസിക്കുന്നവനാണ്. ഇരുട്ടിൽ വസിക്കുന്നവർ മര്യാദയായി ജീവിക്കുന്നില്ല. വെറിക്കൂത്തുകളിലും, ദുഷ്കാമങ്ങളിലും, പിണക്കത്തിലും അസൂയയിലും അവർ കഴിയുന്നു. ഇരുട്ടിന്റെ അധികാരിയായ പിശാചിന്റെ ഇഷ്ടം ചെയ്യാൻ അവർ പ്രീയപ്പെടുന്നു. മോഹങ്ങൾ ജനിക്കുമാറ് അവർ ജഡത്തിനായി ചിന്തിക്കുന്നു. എന്നാൽ അത്ഭുതപ്രകാശത്തിലേയ്ക്ക് ദൈവം വിളിച്ചവർ വിളിച്ചവന്റെ സൽഗുണങ്ങളെ ലോകത്തിന്റെ മുമ്പിൽ ഘോഷിക്കേണ്ടവരും മര്യാദയായി ജീവിക്കേണ്ടവരും, വെറികൂത്തുകളിലും, മദ്യപാനങ്ങളിലും ശയനമോഹങ്ങളിലും, ദുഷ്കാമങ്ങളിലും പിണക്കത്തിലും അസൂയയിലും ജീവിക്കേണ്ടവരല്ല. യേശുക്രിസ്തുവിനെ ധരിച്ചുകൊണ്ട് വിശുദ്ധരായി മാതൃക ഉള്ളവരായി ഭൂമിയിൽ നാം ജീവിക്കേണ്ടവരാണ്. തെസ്സലോനിക്യ സഭയ്ക്ക് പൗലോസ് എഴുതി നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു. നാം രാത്രിക്കും ഇരുട്ടിനുമുള്ളവരല്ല ( 1 തെസ്സ 5:5) നാം പകലിനുള്ളവരാകയാൽ വിശ്വാസവും സ്നേഹവും എന്ന കവചവും, ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും ധരിച്ചുകൊണ്ട് സുബോധമായി ജീവിക്കേണം. വെളിച്ചമായ യേശുക്രിസ്തു നമ്മിൽ വന്ന് നമ്മുടെ ഇരുട്ട് മാറ്റി പ്രകാശം കൊണ്ട് നിറച്ച് ഈ തലമുറയിൽ നിറുത്തിയിരിക്കുന്നത് എന്തിനുവേണ്ടിയെന്ന് തിരിച്ചറിഞ്ഞ് ജീവിക്കേണം. യേശുക്രിസ്തു പറഞ്ഞു നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിക്കാൻ പാടില്ല. മനുഷ്യർ നമ്മുടെ സൽപ്രവർത്തികളെ കാണണം. അതുകൊണ്ട് സൽപ്രവർത്തികളാകുന്ന പ്രകാശം നാം ലോകത്തിൽ പരത്തുന്നവരായി നില്ക്കേണം. ഇന്ന് പലവിശ്വാസികളും സൽപ്രവർത്തികളുടെ വെളിച്ചമല്ല ദുഷ്പ്രവർത്തികളുടെ അന്ധകാരമാണ് സഭാതലത്തിൽ പരത്തികൊണ്ടിരിക്കുന്നത്. നമ്മെ വെളിച്ചമാക്കി ലോകത്തിൽ നിറുത്തിയിരിക്കുന്നത് വലിയ ഒരു ദൗത്യനിർവ്വഹണത്തിനുവേണ്ടിയാണ്. നമ്മിൽകൂടെ സൽപ്രവർത്തികളാകുന്ന വെളിച്ചം ലോകം കണ്ടാൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ അവർ മഹത്വപ്പെടുത്തും. അല്ലായെങ്കിൽ സ്വർഗ്ഗസ്ഥനായ ദൈവത്തിന് അപമാനം വരുത്തുന്നവരായി തീരും. സഹോദരനെ പകക്കുന്നവൻ ഇരുട്ടിൽ വസിക്കുന്നവനാണ്. അവൻ കൊലപാതകനാണ്. ഇരുട്ടിൽ വസിക്കുന്നവർക്ക് യേശു ക്രിസ്തു കള്ളനെപ്പോലെ അവർ നിനയാത്ത സമയത്ത് വരും. എന്നാൽ വെളിച്ചത്തിലും പകലിലും വസിക്കുന്ന ദൈവമക്കൾക്ക് അവർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ദിവസങ്ങളിൽ ഒന്നിൽ യേശുക്രിസ്തു മടങ്ങിവരും. ലോകസംഭവങ്ങൾ അവ വിളിച്ചറിയിക്കുന്നുയെന്ന് അവർക്ക് അറിയാം. വരവിന്റെ ലക്ഷ്യങ്ങളും അടയാളങ്ങളും അവർ കാണുന്നു. വെളിച്ചത്തിന്റെ മക്കളെ കൂട്ടിചേർക്കാൻ അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്ന യേശു ക്രിസ്തു വരുന്നതിനാൽ ഇരുട്ടിന്റെ പ്രവർത്തികൾ വിട്ടുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗമാകുന്ന വിശുദ്ധിയും വിശ്വസ്തതയും വിശ്വാസവും പ്രത്യാശയും സ്നേഹും, പ്രാർത്ഥനയും ആരാധനയുമാകുന്ന ആയുധവർഗ്ഗങ്ങൾ ധരിച്ച് ഏവരും വെളിച്ചത്തിൻ നില കൊള്ളേണ്ടത് ഏറ്റവും ആവശ്യമായിരിക്കുന്നു.



സ്റ്റേറ്റ് സെക്രട്ടറിയുടെ കത്ത്



പാസ്റ്റർ ഷിബു നെടുവേലിൽ

# ചാരിതാർത്ഥ്യത്തോടെ ഒരു വർഷം പിന്നിടുന്നു

"എൻ മനമെ യഹോവയെ വാഴ്ത്തുക
എന്റെ സർവ്വാന്തരംഗവുമേ അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക, എൻ മനമേ യഹോവയെ വാഴ്ത്തുക;
അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്."

*സങ്കീർത്തനം 103:1*

**ദൈ**വാനുഗ്രഹങ്ങളുടെ സമൃദ്ധിയായ പ്രവാഹം അനുഭവിച്ച ഒരു സംവംത്സരം കൂടി കടന്നു പോകുന്നു. ദൈവസന്നിധിയിൽ ഒത്തിരി നന്ദിയോടെയാണ് ഞാൻ ഈ വരികൾ കുറിക്കുന്നത്. ഐ.പി.സി. കേരള സ്റ്റേറ്റ് ഭരണ സമിതിയുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ തിരിഞ്ഞു നോക്കുമ്പോൾ ഒരുപാട് സ്തോത്രം ചെയ്യുവാൻ വകയുണ്ട്.

ദൈവീക കരുതലുകളും നടത്തിപ്പുകളും ഓരോ പ്രവർത്തനങ്ങളിലും ഞങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാറ്റിനും കർത്തൃസന്നിധിയിൽ വിനയത്തോടെ നന്ദി അർപ്പിക്കുന്നു.

നമ്മുടെ സ്റ്റേറ്റ് ഓഫീസിൽ കാലോചിതമാറ്റങ്ങൾ വരുത്തി കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കത്തുകൾക്കും അപേക്ഷകൾക്കും സമയബന്ധിതമായി നടപടി സ്വീകരിക്കുവാനും മറുപടി നൽകുവാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ശുശ്രൂഷകന്മാർക്ക് നവീകരിച്ച ഡിജിറ്റൽ ഐ.ഡി.കാർഡുകൾ അതതു സെന്ററുകൾ മുഖേന വിതരണം ചെയ്തു തുടങ്ങി. എല്ലാ ശുശ്രൂഷകന്മാരെക്കുറിച്ചുള്ള വിശദവിവരങ്ങൾ കമ്പ്യൂട്ടർ ഫയലുകളായി ക്രമീകരിച്ചിട്ടുണ്ട്. ഈ കാര്യങ്ങളിൽ വളരെ കൃത്യനിഷ്ഠയോടെ സഹകരിച്ച സെന്റർ ഭാരവാഹികൾക്ക് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

വിദ്യഭ്യാസവും അച്ചടക്കവും ആത്മഭാരവുമുള്ള ശുശ്രൂഷകന്മാരെ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് നമുക്കുള്ളത്. അതുകൊണ്ട് ഐ.പി.സി.യുടെ അംഗീകരിക്കപ്പെട്ട ബൈബിൾ കോളജുകളിലോ, സെമിനാരികളിലോ, പഠനം പൂർത്തീകരിച്ചവർ തീർച്ചയായും നാല് മാസം നീണ്ടു നില്ക്കുന്ന (75 പ്രവർത്തിദിനങ്ങൾ) പി.ജി. കോഴ്സ് പഠിക്കണമെന്ന് കൗൺസിൽ തീരുമാനിച്ചു. അല്ലാത്തവർക്ക് ഐ.പി.സി. കേരള സ്റ്റേറ്റിൽ നിന്നും ഐ.ഡി.കാർഡ് ലഭിക്കുന്നതല്ല. പി.ജി. കോഴ്സിൽ ചേരുന്നവർക്ക് ഇന്റർവ്യൂവും എഴുത്തുപരീക്ഷയും നിർബന്ധമാക്കി.

ഈ ഭരണസമിതി ചുമതലയേറ്റശേഷം മാരാമൺ മാർത്തോമ്മാ റിട്രീറ്റ് സെന്ററിൽ വച്ച് നടന്ന സെന്റർ പാസ്റ്റർമാരുടെയും പ്രസ്ബിറ്റേഴ്സിന്റെയും സംയുക്ത സമ്മേളനം സെന്റർ തലത്തിലുള്ള നമ്മുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജവും കരുത്തും പകരുവാൻ മുഖാന്തിരമായി.

കഴിഞ്ഞ നവംബർ മാസത്തിൽ കീഴില്ലം (പെരുമ്പാവൂർ), നിലമ്പൂർ (മലബാർ), അടൂർ (തെക്കൻ മേഖല) എന്നിവിടങ്ങളിൽ വച്ചു നടന്ന പാസ്റ്റേഴ്സ് കോൺഫറൻസ് ശുശ്രൂഷകന്മാർക്ക് പുതിയ ദിശാബോധം നല്കുവാൻ ഇടയായി. ഡിസംബറിൽ പെരുമ്പാവൂരിൽ നടന്ന കേരള സ്റ്റേറ്റ് കൺവൻഷനും ഏറ്റവും അനുഗ്രഹപ്രദമായിരുന്നു. ഈ വർഷം സ്റ്റേറ്റ് കൺവൻഷൻ കേരളത്തിന്റെ അക്ഷര നഗരിയായ കോട്ടയത്തു വച്ച് നടത്താനുള്ള ക്രമീകരണങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ദൈവമക്കൾ പ്രർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ?

ദൈവസഭ ആദിമ നൂറ്റാണ്ടിലെ അനുഭവങ്ങളിലേക്ക് മടങ്ങിവന്ന് പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളിലുള്ള ശുശ്രൂഷകൾ എല്ലാ പ്രാദേശിക സഭകളിലും ഉണ്ടാകണമെന്ന ലക്ഷ്യത്തോടുകൂടി സ്റ്റേറ്റ് ഭരണസമിതിയുടെ ചുതമലയിൽ ഉപവാസപ്രാർത്ഥനകൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഓരോ റവന്യൂജില്ലകൾ കേന്ദ്രീകരിച്ചു നടന്ന ഈ ഉപവാസപ്രാർത്ഥനകൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ നടന്നു കഴിഞ്ഞു. ജൂൺ മാസത്തിൽ എറണാകുളം, കോട്ടയം ജില്ലകളിൽ നടത്തുവാനുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നു.

മലങ്കരയിൽ പെന്തെക്കോസ്തിന്റെ ഉണർവ് ആളിക്കത്തിയിട്ട് നൂറ് വർഷങ്ങൾ കഴിയുന്നു. ആർക്കും എതിർക്കാൻ കഴിയാത്ത അജയ്യശക്തിയായി ഇന്നും ഇത് നില്ക്കുകയാണ്. കാരണം സർവ്വശക്തനായ ദൈവം നമ്മോടുകൂടെയുള്ളതിനാലാണ്. കേരളത്തിൽ വീണ്ടു ഒരു ഉണർവ് പൊട്ടിപുറപ്പെടുവാൻ ദൈവം പ്രവർത്തിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. പുതുതലമുറയുടെ ദുരുപദേശങ്ങളൊന്നു സഭാഗോത്രത്തെ മലിനപ്പെടുത്താതെ ദൈവകൃപയിൽ ആശ്രയിച്ച് വചനനിറവിൽ നമുക്ക് മുന്നേറാം.

# അഭിമാനത്തോടെ ഒരു വർഷം പിന്നിടുന്നു



ജോയി താനുവേലിൽ

ഐ.പി.സി കേരള സ്റ്റേറ്റിന്റെ നിലവിലുള്ള ഭരണകൂടത്തിന്റെ ഒന്നാം വാർഷികത്തിൽ നാം എത്തിയിരിക്കുവാണല്ലോ. നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ വളരെ നല്ല നിലയിൽ നടക്കുന്നതിൽ നമുക്ക് സന്തോഷിക്കുവാൻ വകയുണ്ട്. ഒന്നാമത് സഭയുടെ ആത്മീക നിലവാരം വളരെ ഉയരുവാനും പ്രാർത്ഥനയുടെ അന്തരീക്ഷം കേരളം മുഴുവനുമുള്ള ഐ.പി.സി സഭകളിൽ അലയടിച്ചു കൊണ്ടിരിക്കുകയാണ്. സഭയുടെ എല്ലാ പ്രവർത്തനങ്ങളും ക്രമീകൃതമായ നിലയിൽ നടക്കുന്നതിൽ നമുക്ക് സന്തോഷിക്കുവാൻ വകയുണ്ട്. സഭയുടെ പുത്രിക സംഘടനകളായ പി.വൈ.പി.എ, സഹോദരി സമാജം ഇവ വളരെ ശക്തമായി പ്രവർത്തിച്ച് വരുന്നു. കേരളത്തിലെമ്പാടും ഐ.പി.സിക്കാരായ വിശ്വാസികൾക്കും ദൈവദാസന്മാർക്കും പ്രസ്ഥാനത്തിനോടുള്ള ആത്മാർത്ഥതും സ്നേഹവും വളരെ വർദ്ധിച്ചിട്ടുണ്ട്.

കേരളം മുഴുവൻ പരതിയാലും 3500 സഭകളിൽ ഒരു കൈയുടെ വിരലുകളിൽ എണ്ണാവുന്ന പ്രശ്നങ്ങൾ പോലും ഇന്നില്ല. പൊതുവേ കോടതി കേസുകളോ, ഭിന്നതകളോ, വഴക്കുകളോ തീരെ കുറഞ്ഞിട്ടുള്ളത് അഭികാമ്യമായ കാര്യമാണ്. തുടർന്നും നാം ഒന്നിച്ച് സഭാ വളർച്ചയ്ക്ക് പ്രാധാന്യം നൽകികൊണ്ട് ഐക്യമായി നിന്നാൽ സഭയുടെ വലിയൊരു വളർച്ചയ്ക്ക് മുഖാന്തിരമാകും.

നമ്മുടെ സഭയിൽ തീരെ സാമ്പത്തിക അവശതയുള്ള അപേക്ഷ നൽകിയിട്ടുള്ള അനേകർക്ക് പ്രതിമാസ പെൻഷൻ നൽകി വരുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി തുടങ്ങി. ശുശ്രൂഷകന്മാരുടെ ഇൻഷുറൻസ് പദ്ധതി പല സെന്ററുകളിലും ആരംഭിച്ചിട്ടുണ്ട്. ചർച്ച് പ്ലാന്റിംഗ് ബോർഡിന്റെ ചുമതലയിൽ പല സെന്ററുകളിലും ശുശ്രൂഷകന്മാരെ സ്പോൺസർ ചെയ്ത് തുടങ്ങിയിട്ടുണ്ട്. ഇനിയും ഇത് വളരെ വർദ്ധിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക ഭദ്രതയുള്ള സഭകൾ മുന്നോട്ട് വന്നാൽ നമുക്ക് ധാരാളം വേലക്കാരെ സഹായിക്കുവാൻ സാധിക്കും.

സഭ രജിസ്ട്രേഷൻ, അംഗത്വ ഫീ ഇവ അടയ്ക്കാത്ത സെന്ററുകൾ ഇനിയുമുണ്ട്. സഭകളിൽ നടക്കുന്ന വിവാഹത്തിന്റെ സംഭാവനകൾ വാങ്ങി അയയ്ക്കുന്നതിൽ ശുശ്രൂഷകന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതേപോലെ തന്നെ ശുശ്രൂഷകന്മാരുടെ മാസംതോറുമുള്ള സംഭാവന പലരും അയച്ച് തുടങ്ങിയിട്ടില്ല. ഈ വക കാര്യങ്ങൾ നാം ശ്രദ്ധയോടെ ചെയ്താൽ നമുക്ക് വൻകാര്യങ്ങൾ ചെയ്തെടുക്കുവാൻ സാധിക്കും. നമ്മുടെ സഭയുടെ സാമ്പത്തിക മുഖഛായ തന്നെ മാറ്റുവാൻ കാരണമാകും. ഞാൻ സ്റ്റേറ്റിന്റെ ട്രഷാറായി ചുമതലയേറ്റ ശേഷം എന്റെ അടുത്തു വിവിധ കാര്യങ്ങൾക്ക് വരുന്ന അപേക്ഷകൾ ഒട്ടനവധിയാണ്. ആരാധനാലയം ഇല്ലാത്തവർ, ശവശരീരം അടക്കുവാൻ സെൽ ഇല്ലാത്തവർ, മാരകമായ രോഗം ബാധിച്ചവർ ഇങ്ങനെയുള്ള ആവശ്യക്കാർ നമ്മുടെ ഇടയിൽ വളരെയേറെ ഉണ്ടെന്നുള്ളത് നാം മനസ്സിലാക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തിക കൈത്താങ്ങ് നൽകുകയും ചെയ്യുന്നത് യഥാർത്ഥ ക്രിസ്തു ശിഷ്യന്മാരുടെ ചുമതലയാണ്.

നാം ആരാധനാലയങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ വാടക കെട്ടിടങ്ങളിൽ ആരാധിക്കുന്നവരെയും, മരിച്ചാൽ അടക്കാൻ ശവകല്ലറയില്ലാത്തവരെയും, ക്യാൻസർ, പക്ഷാഘാതം, കിഡ്നിയുടെ പ്രയാസംമൂലം ഡയാലിസിസ് ചെയ്യുന്നവർ നമ്മുടെ സഹജീവികളിൽ വളരെയേറെയുണ്ട് എന്നത് നാം മറക്കരുത്. നാം ഒത്തൊരുമയോടെ ഉത്സാഹിച്ചാൽ നമ്മുടെ ഇടയിൽ മേൽപ്പറഞ്ഞ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്ക് ചെറിയ ആശ്വാസം നൽകാൻ സാധിക്കും.

കഴിഞ്ഞ ദിവസം കുറച്ച് വീൽ ചെയറുകൾ നൽകുവാൻ ഒരുസഭ തയ്യാറായി വരികയും നാം അത് കേരള സ്റ്റേറ്റിലുള്ള സഭകളെ അറിയിച്ചപ്പോൾ അനേകം അപേക്ഷകളാണ് ഓഫീസിൽ ലഭിച്ചത്. അതുപോലെ വിദ്യാഭ്യാസ സഹായത്തിനുവേണ്ടി വരുന്ന അപേക്ഷകളും ഒട്ടനവധിയാണ്. കേരള സ്റ്റേറ്റിൽ വരുന്ന അവസാനത്തെ പൈസയ്ക്കും രസീത് നൽകുകയും അവ എത്തേണ്ട സ്ഥലത്ത് കൃത്യമായി എത്തിക്കുകയും ചെയ്യുമെന്ന് ഉറപ്പ് നൽകുന്നു. നമ്മുടെ സ്റ്റേറ്റ് ഓഫീസ് തിങ്കൾ മുതൽ വെള്ളിവരെ എല്ലാ ദിവസവും രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ പ്രവർത്തന സജ്ജമാണ്. സ്റ്റേറ്റ് ഓഫീസിൽ നിന്നുമുള്ള അറിയിപ്പുകൾ ടെലിഫോൺ മെസേജായി അയക്കുന്നതിനാൽ നിങ്ങൾ അത് വായിക്കുകയും അത് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണമേ! അതേപോലെ നമ്മുടെ സഭയുടെ ബോർഡുകൾ ഒരേ നിറത്തിലും ഒരേ അക്ഷര വലിപ്പത്തിലും ഒരേ വലിപ്പത്തിലും നമ്മുടെ എംബ്ലത്തിന് കൂടുതൽ വ്യക്തത വരുത്തുവാനും സഭകളുടെ ലെറ്റർ ഹെഡ് ഒരേ വലിപ്പത്തിലും രൂപത്തിലും ആക്കുവാനും ആഗ്രഹമുണ്ട്. അതിനുള്ള നിർദ്ദേശങ്ങൾ പുറകെ നൽകുന്നതാണ്. നിങ്ങളുടെ സേവനത്തിനായി സഭ ഓഫീസ് എപ്പോഴും തയ്യാറാണ്.



പാസ്റ്റർ കെ.സി.ജോൺ

# സഭയുടെ മുഖ്യ ദൗത്യം

സുവിശേഷ വത്കരണം പ്രപഞ്ച സൃഷ്ടാവായ മഹാദൈവം ഭൂമിയിൽ സൃഷ്ടിച്ചാക്കിയ മനുഷ്യർ വിശേഷതയുള്ളവനാണ്. ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടവനാണ്. ശത്രുവിന്റെ വഞ്ചനയൽ കുടുങ്ങി മനുഷ്യർ പാപത്തിൽ വീണുപോയി. ദൈവത്തിന്റെ പ്രത്യേക ഉദ്ദേശത്തിൽ നിന്നും മനുഷ്യർ നഷ്ടപ്പെട്ടുപോയി. സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ തകർക്കും എന്നത് വീണ്ടെടുപ്പുക്കാരനെക്കുറിച്ചുള്ള ദൈവത്തിന്റെ വാഗ്ദാനമാണ്. ബൈബിളിന്റെ പ്രമേയം മനുഷ്യന്റെ വീണ്ടെടുപ്പാണ്.

ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ദൈവത്തിന്റെ ഏകജാതനായ പുത്രൻ മനുഷ്യനായി ഭൂമിയിൽ പിറന്നു. മുപ്പത്തിമൂന്നര വർഷം പാലസ്തീനിൽ ജീവിച്ചു. മൂന്നര വർഷം പരസ്യ ശുശ്രൂഷ നിർവ്വഹിച്ചു. മുപ്പത്തിമൂന്നര വയസ്സിൽ കാൽവറി ലെയിൽ ഉയർത്തിയ മരകുരിശിന്മേൽ തന്നെത്തന്നേ യാഗമായി അർപ്പിച്ചു. മനുഷ്യന്റെ വീണ്ടെടുപ്പിനുള്ള വില ദൈവനീതിയുടെ മുന്നിൽ കെട്ടിവെച്ചു. യേശുക്രിസ്തുവിന്റെ ജീവൻ അവൻ ചിന്തിയ രക്തവുമായിരുന്നു വീണ്ടെടുപ്പ് സാധ്യമാക്കിയത്.

ഈ വാർത്ത ലോകമെങ്ങുമുള്ള സകല മനുഷ്യരെയും അറിയിക്കേണ്ടതിന് ശിഷ്യന്മാരെ തിരഞ്ഞെടുത്ത് തന്റെ കൂടെ കൊണ്ട് നടന്നു പരിശീലിപ്പിച്ചു. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം യെരുശലേമിലെ മാളികമുറിയിൽ കാത്തിരുന്ന ശിഷ്യ ഗണങ്ങളുടെ മേൽ പരിശുദ്ധാത്മാവ് അവരോഹണം ചെയ്തു, സഭ രൂപം കൊണ്ടു.

സഭയുടെ പ്രധാന ദൗത്യം 'ഭൂലോകമൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്നതായിരുന്നു. അതിനുവേണ്ടി അവൻ പീഡനം സഹിച്ചു, ജീവൻ ബലി കഴിച്ചു. ഒരു ഉദ്ദേശം മാത്രമേ ഉണ്ടായിരുന്നുള്ളു സുവിശേഷം പ്രഘോഷിക്കുവാൻ. ഒരു സഭയുടെ മുഖ്യ അജണ്ട സുവിശേഷ വത്കരണം ആകുന്നു.

സഭയുടെ ആസ്തി ദൈവജനമാണ് ദൈവജനത്തെ പഠിപ്പിച്ച് ദർശനം നൽകി ഏറ്റവും കൂടുതൽ ആളുകളെ സുവിശേഷ വയലിലേക്ക് അയക്കുകയാണ് സഭയുടെ ഏറ്റവും പ്രധാന ലക്ഷ്യം.

കഴിവും പ്രാപ്തിയും പരിജ്ഞാനവും ആത്മീകതയുമുള്ള പതിനായിരക്കണക്കിന് വിശ്വാസികൾ നമ്മുടെ സഭകളിലുണ്ട്. ദൈവം അവർക്ക് നൽകിയ കൃപാവരങ്ങളെ ഉപയോഗിക്കാതെ നിശ്ചലരായിരിക്കുകയാണ്.

അവർ ഉണർന്ന് എഴുന്നേൽക്കുകയാണ് ഇന്നത്തെ ആവശ്യം. ഓരോ വിശ്വാസിയും ഓരോ സുവിശേഷകനായി മാറണം. രോഗശാന്തി വരവും പ്രവചനവ വരവും ദൈവം നൽകിയിട്ടുള്ള ആളുകൾ അവയെ തിരിച്ചറിയാതെ കൃപാവരങ്ങളെ ജ്വലിപ്പിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു. പാരമ്പര്യമായി പതിവ് രീതി അനുസരിച്ച് ആഴ്ചയിലൊരിക്കൽ യോഗത്തിൽ പങ്കെടുക്കുക മാത്രമാണ് ആത്മീകമെന്ന് കരുതുന്നുവെങ്കിൽ നിങ്ങൾ ഉറങ്ങുന്ന വിശ്വാസികളാണ്. നിങ്ങൾ ജ്വലിച്ച് പ്രകാശിക്കുവാനുള്ള സമയം വന്നിരിക്കുന്നു. ദൈവം തന്റെ ഏകജാതനായ പുത്രനെ നൽകി. യേശുക്രിസ്തു തന്റെ ജീവൻ വെച്ചു തന്നു. നാം സുവിശേഷത്തിനുവേണ്ടി ജീവൻ അർപ്പിച്ചുകൊണ്ട് അടലാടുവാൻ ദൈവം കല്പ്പിക്കുന്നു.





# പരസ്യകോലമാവല്ലേ



സജി മത്തായി കാതേട്ട്

**ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ച അമേരിക്കൻ ഹാസ്യനടൻ വിൽ റോഗഡ് പരസ്യങ്ങളെപ്പറ്റി പറയുന്നത് ശ്രദ്ധിക്കുക. "ആവശ്യമില്ലാത്ത ഒരു വസ്തുവിനു വേണ്ടി കൈയിൽ പണം ഇല്ലെങ്കിലും എങ്ങനെയും പണം ഉണ്ടാക്കി അത് സ്വന്തമാക്കണം എന്ന് ആളുകളെ ബോധ്യപ്പെടുത്തുന്ന കലയാണ് പരസ്യം."**

"വായനക്കാരന്റെ ശ്രോതാക്കളുടെ ബോധമണ്ഡലത്തിലും അബോധ മണ്ഡലത്തിലും അവനറിയാതെ ഇടിച്ചു കയറ്റിപ്പിക്കുന്ന രീതിയിൽ പരസ്യങ്ങൾ ആവിഷ്ക്കരിക്കുന്നത് ഒരു ശാസ്ത്രമാണ് ഇപ്പോൾ ഇതിനു ബിരുദം മുതൽ ഡോക്ടറേറ്റും വരെയുള്ള പഠനാവസരങ്ങളും സിലബസുകളുമുണ്ട്"– എന്റെ സഹപ്രവർത്തകനും റോമൻ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സജീവ പ്രവർത്തകനുമായ കട്ടപ്പനയിലെ കെ.കെ.തോമസ് ഒരു യാത്രക്കിടയിൽ പരസ്യങ്ങളെക്കുറിച്ച് പങ്കുവെച്ചു. പെന്തെക്കോസ്തു സമൂഹം അനാവശ്യ പരസ്യപ്രചരണം നടത്തി ആളുകളിൽ സംശയം ജനിപ്പിക്കുന്നുവെന്നാണ് കെ.കെ.തോമസിന്റെ വാദം. ഞാൻ നഖനിഖാന്തം ഇവയൊക്കെ എതിർത്തെങ്കിലും എന്റെ സുഹൃത്തു പങ്കുവെച്ചതല്ലേ സത്യം.

"വലിയ നുണകൾ സൃഷ്ടിക്കുക. അതു ലളിതമാക്കുക. വീണ്ടും വീണ്ടും പറഞ്ഞു കൊണ്ടിരിക്കുക. പതിയെ ആളുകൾ അതു വിശ്വസിച്ചുകൊള്ളും"– ഒരു വംശത്തിന്റെ ഉന്മൂല നാശത്തിന് വഴിവെട്ടിയ ഹിറ്റ്ലറുടെ അടിസ്ഥാന തത്വമിതായിരുന്നുവെന്ന് ഒരു പുസ്തകത്തിൽ വായിച്ചതോർക്കുന്നു.

സുവിശേഷ ചാനലുകളിലും ചില പത്രങ്ങളിലും മാസ് സോഷ്യൽ മീഡിയകളിലും നിരന്തരം വരുന്ന പരസ്യങ്ങൾ ശ്രദ്ധിക്കുമ്പോളറിയാം പെന്തെക്കോസ്തു സമൂഹം എത്രത്തോളം 'പരസ്യ കമ്പനി' കളാകുന്നുവെന്ന്. 'തിരുവല്ലയിലും പരിസരങ്ങളിലും ഏറ്റവും കൂടുതൽ പരസ്യങ്ങൾ നല്കുന്നത്, ഫ്ളക്സ് വയ്ക്കുന്നത്. പെന്തെക്കോസ്തുകാരാണെന്നാണ്' എന്റെ സുഹൃത്ത് വെല്ലുവിളിയോടെ എന്നെ ഉണർത്തിച്ചത്. 'മീശ കിളിർക്കാത്ത സുന്ദരന്മാരായ ചില നടന്മാരുടെ ഫ്ളക്സ് ബോർഡുകൾ കണ്ടാൽ അതു സിനിമാ പരസ്യമെന്നു ആദ്യം തോന്നും. പിന്നീടാണറിയുന്നത് അതൊരു വിടുതലിൻ മഹോത്സവ മഹാമഹത്തിന്റെ ബോർഡായിരുന്നുവെന്ന്.' ഈ പറഞ്ഞതിൽ സത്യമില്ലേ?

പരസ്യങ്ങൾ രണ്ട് കാര്യങ്ങളാണ് ചെയ്യുന്നത്; ഒന്ന് അറിവ് നല്കുന്നു. രണ്ട് അതു സ്വന്തമാക്കാൻ പ്രേരിപ്പിക്കുന്നു.



**ഇടതു കൈ ചെയ്യുന്നത് വലതു കൈ അറിയരുത്. നീ പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ വേറെ ആരും അറിയണ്ടാ എന്നൊക്കെ ക്രിസ്തു പറയുന്നതിന്റെ അർത്ഥം പരസ്യം വേണ്ട എന്നു തന്നെയല്ലേ.**

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജീവിച്ച അമേരിക്കൻ ഹാസ്യ നടൻ വിൽ റോഗഡ് പരസ്യങ്ങളെപ്പറ്റി പറയുന്നത് ശ്രദ്ധിക്കുക. "ആവശ്യമില്ലാത്ത ഒരു വസ്തുവിനു വേണ്ടി കൈയിൽ പണം ഇല്ലെങ്കിലും എങ്ങനെയും പണം ഉണ്ടാക്കി അത് സ്വന്തമാക്കണം എന്ന് ആളുകളെ ബോധ്യപ്പെടുത്തുന്ന കലയാണ് പരസ്യം." ഇതില്ലാതെ പറ്റില്ലായെന്നു തോന്നും വിധം മനുഷ്യനെ വല്ലാതെ നിർബന്ധിക്കുകയാണ് പരസ്യങ്ങൾ. ഇങ്ങനെ നിർബന്ധിച്ച് വില്ക്കപ്പെടേണ്ട വസ്തുതയാണ് സുവിശേഷം? വിലയില്ലാത്ത നിത് രക്ഷയ്ക്കായി കോടിക്കണക്കിനു അവനാവശ്യപരസ്യം നല്കി 'മാർക്കറ്റ്' ചെയ്യപ്പെടുമ്പോൾ ഇവിടെ രക്ഷപ്പെടുന്നത് ആര്? പാപിയോ? അതോ പരസ്യക്കമ്പനി മുതലാളിക്കോ?

ഇല്ലാത്തതു പറയരുത് എന്നുമാത്രമല്ല ഉള്ളതു പോലും ഒത്തിരി പുറത്തു കാണിക്കണ്ട എന്നു പറഞ്ഞ നസ്രത്തിലെ ആ മുപ്പത്തി മൂന്നു വയസുകാരനെ ഇടക്കെങ്കിലും ഓർക്കുന്നവർ ഇങ്ങനെ വലിയ പരസ്യങ്ങൾ നല്കാൻ മെനക്കെടാറില്ല. നിന്റെ ജീവിതമാണ് പത്രം അഥവാ പരസ്യം എന്നു പറഞ്ഞ അപ്പൊസ്തലന്മാർക്കു തെറ്റു പറ്റിയോ?


ഇടതു കൈ ചെയ്യുന്നത് വലതു കൈ അറിയരുത്. നീ പ്രാർത്ഥിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ മറ്റുള്ളവരെ കാണിക്കരുത്, നീ ഉപവസിക്കുമ്പോൾ വേറെ ആരും അറിയണ്ടാ എന്നൊക്കെ ക്രിസ്തു പറയുന്നതിന്റെ അർത്ഥം പരസ്യം വേണ്ട എന്നു തന്നെയല്ലേ. ഓരോ അത്ഭുതത്തിനുശേഷവും ആരോടും പറയല്ലേ എന്ന കർശന നിർദ്ദേശം അവൻ നല്കിയതു ഓർമ്മയില്ലേ. അവനറിയാമായിരുന്നു അമിത പരസ്യം ആത്മീയമല്ലെന്നും, അ് ഉള്ളിനെയും ഉള്ളതിനെയും മലീമസമാക്കുമെന്ന്. എന്നിട്ടും ഏറ്റവും കൂടുതൽ പരസ്യപ്പെടുത്തലുകൾ നടത്തപ്പെടുന്നത് ഈ ചെറുപ്പക്കാരന്റെ പേരിൽ തന്നെയാണെന്നതിലാണ് ദുഃഖം.

ലോകം മുഴുവനും സുവിശേഷം അറിയിക്കണം എന്ന് കല്പിച്ച ക്രിസ്തു, ലോകം മുഴുവൻ എന്റെ പേരിൽ നിങ്ങൾ പരസ്യപ്പെടേണമെന്ന് ചിന്തിച്ചിരുന്നില്ല. ഇന്നുള്ള കോലാഹലങ്ങളും പരസ്യബോർഡുകളും ബാനറും ഫ്ളെക്സുകളും മൈക്കുവിളിയും, വാട്ട്സാപ്പും, ഫെയ്സ്ബുക്കുമൊക്കെ യഥാർത്ഥത്തിൽ സുവിശേഷ ലക്ഷ്യം നേടുന്നുണ്ടോ?

ഇടങ്ങഴി മാവിനെ പുളിപ്പിക്കാൻ ഉള്ള പുളിമാവാകാനുള്ള ക്ഷണം വളരെ ചെറിയ പരസ്യപ്പെടുത്തലിന്റേതാണ്. അതേ സമയം അതു വളരെ ക്രിയാത്മകവും ആണ്. അതുകൊണ്ടാണല്ലോ ഫ്രാൻസിസ് അസീസി പറഞ്ഞത് "എപ്പോഴും സുവിശേഷം പ്രസംഗിപ്പിൻ ആവശ്യമെങ്കിൽ വാക്കുകൾ ഉപയോഗിക്കുവിൻ".

ജീവിതത്തിലൂടെയല്ലെ ക്രിസ്തുവിനെ പരസ്യപ്പെടുത്തേണ്ടത്. അല്ലാതെ മഹാ അത്ഭുതങ്ങളും മഹാരോഗശാന്തിയും മഹാ വിടുതൽ ശുശ്രൂഷയും എന്ന പേരിൽ കളർ ബാനറുകളും തോരണങ്ങളും കെട്ടു കണക്കിനു നോട്ടീസുകളും വലിച്ചെറിഞ്ഞ് കൊട്ടാര സദൃശ്യമായ സ്റ്റേജിൽ ക്രിസ്തുവിനെ അടിച്ചേല്പിക്കലാണോ നടക്കേണ്ടത്?

കാഴ്ച നല്കി മഹാത്ഭുതം കാണിച്ച ക്രിസ്തു ആളുകൾ വട്ടം കൂടുന്നതിനു മുമ്പെ ബേത്ത്സയിദയിൽ വെച്ച് സൗമ്യം പ്രാപിച്ച കുരുടന്റെ ചെവിയിൽ പറഞ്ഞത് ഊരിൽ പോലും കടക്കാതെ നിന്റെ വീട്ടിൽ ചെല്ലാനാണ്. ആരോടും പറയാതെ വീട്ടിൽ ചെന്ന് ദൈവത്തെ ആരാധിക്കുവാൻ കല്പിച്ച ക്രിസ്തുവും പെന്തെക്കോസ്തുകാരോട് പറയുന്നതും ഇതുതന്നെ, 'ഊതി വീർപ്പിച്ച് എന്നെ നാട്ടിൽ വീട്ടിൽ ക്രിസ്തുവിനെ പോലെ ജീവിച്ച് മാതൃക കാട്ടുക' യെന്നാണ്.



മതേതരം

# നമുക്കുവേണം മതപ്രബോധനവും പിന്നെ നിയമബോധവും



രാജു ആനിക്കാട്

**നമ്മുടെ കുട്ടികൾ കുറ്റവാളികളാകുന്നതാണ് ഏറ്റവും അസഹനീയം. നിഷ്കളത തുളുമ്പുന്ന കണ്ണുകളുമായി നിൽക്കുന്ന നമ്മുടെ കുറ്റവാളികളെക്കുറിച്ച് നമുക്ക് എന്താണു പറയാനുള്ളത്? നിശ്ചിത പ്രായത്തിനുള്ളിലുള്ള ഒരു നിയമബോധനത്തിന്റെ അഭാവം കൂടെയല്ലേ ഇവർ ഇങ്ങനെയാവാൻ കാരണം?**

അനുദിനം കുറ്റവാളികൾ പെരുകുന്നത് നമ്മെ എത്രത്തോളം ഭയപ്പെടുത്തുന്നുണ്ട്? അതിനു തടയിടാനുള്ള പരിശ്രമങ്ങളെയെല്ലാം മതാന്മക സമൂഹം സർവ്വാത്മനാ പിന്തുണക്കേണ്ടതാണ്. പക്ഷെ നമ്മുടെ പ്രബോധനങ്ങൾ എല്ലാം ഒരു ഭൗതീകാസക്ത ലോകത്തെ തൃപ്തിപ്പെടുത്താനാണെന്നു തോന്നുന്നു.

നമ്മുടെ കുട്ടികൾ കുറ്റവാളികളാകുന്നതാണ് ഏറ്റവും അസഹനീയം. നിഷ്കളത തുളുമ്പുന്ന കണ്ണുകളുമായി നിൽക്കുന്ന നമ്മുടെ കുറ്റവാളികളെക്കുറിച്ച് നമുക്ക് എന്താണു പറയാനുള്ളത്? നിശ്ചിത പ്രായത്തിനുള്ളിലുള്ള ഒരു നിയമബോധനത്തിന്റെ അഭാവം കൂടെയല്ലേ ഇവർ ഇങ്ങനെയാവാൻ കാരണം? അതിന്റെ ധാർമ്മിക ഉത്തരവാദിത്വം നാം മുതിർന്നവരും മതബോധകരും ഏറ്റെടുക്കേണ്ടതാണ്.

നമ്മൾ ഓരോരുത്തരിലും ഒരു പോലീസും ക്രിമിനലും ഉണ്ട്. സാഹചര്യങ്ങൾ പ്രേരകവും പോഷിപ്പിക്കുന്നവയും ആണെങ്കിൽ പോലിസ് ആധിപത്യം നേടും. ഇല്ലെങ്കിൽ ക്രിമിനൽ ആവിർഭവിക്കും എന്ന് പി. വിജയൻ ഐ.പി.എസ്. പറഞ്ഞിട്ടുണ്ട്.

സാമൂഹിക സുരക്ഷാ മിഷന്റെ ഭാഗമായി കുട്ടികളിലെ ക്രിമിനൽ സ്വഭാവത്തെ കൃത്യമായി തിരിച്ചറിഞ്ഞ് മുളയിലേ നുള്ളിക്കളഞ്ഞ് അവരെ നല്ല പൗരന്മാരായി വളർത്തിയെടുക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്നാണിതിന്റെ പേരുതന്നെ.

നമ്മൾ ഇന്നും ഞായറാഴ്ചകളിലെ ഒരു വേദപഠനക്ലാസുകൊണ്ട് നമ്മുടെ കുട്ടികളോടുള്ള ഉത്തരവാദിത്വം നിർവ്വഹിച്ച് സംതൃപ്തരാകുകയാണ്. കുറ്റകൃത്യങ്ങളുടെ പദ്ധതിയും ഭാവവും എല്ലാം പാടേ മാറിയിരിക്കുന്ന ഈ കാലത്ത് കാലഹരണപ്പെട്ട വേദാധിഷ്ഠിത പാഠ്യപദ്ധതികൾ കൊണ്ടു

ശേഷം പേജ് 14ൽ



# സ്വഭാവവൈശിഷ്ട്യമുള്ള ഒരു കർത്തൃദാസൻ



പാസ്റ്റർ പി. ജെ. ഡാനിയേൽ

ദ്രവ്യം ഒരിക്കലും പാപമല്ല. പക്ഷേ അതിനോടുള്ള പ്രതിപത്തിയും അത് നേടുവാനുള്ള വളഞ്ഞ വഴികളും നമ്മെ നാശത്തിൽ കൊണ്ടെത്തിക്കും എന്നതിൽ രണ്ടു പക്ഷമില്ല. എലീശയുടെ ശിഷ്യനായിരുന്ന ഗേഹസിയും പൌലോസിന്റെ സ്നേഹിതനായിരുന്ന ദേമാസും ഇതിന് മകുടോദാഹരണങ്ങളാണ്. ഇവ ആഗ്രഹിച്ച് പരീക്ഷയിലും കെണിയിലും കുടുങ്ങിയിട്ട് സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുന്നു. ഇന്ന് ശുശ്രൂഷ ഒരു കച്ചവടച്ചരക്കായി മാറിയിരിക്കുന്നത് എത്രയോ ലജ്ജാകരമായതാണ്.

പുതിയ നിയമത്തിലെ മഹാ ദൗത്യത്തിനായി നിയോഗിക്കപ്പെട്ട പഞ്ചവരേണ്യരിൽ ഒരു ഗണമാണ് ഇടയന്മാർ അഥവാ ഈ കാലഘട്ടത്തിൽ അറിയപ്പെടുന്ന പാസ്റ്ററന്മാർ. പാസ്റ്റർ എന്ന പദം ലത്തീൻ ഭാഷയിലെ 'പാസ്റ്ററേ' എന്ന വാക്കിൽ നിന്നാണ് ഉത്ഭവിച്ചത്. ഇതിന് തത്തുല്യമായ ഗ്രീക്ക് പദം 'പൊയ്മെൻ' എന്നാണ്. ഈ രണ്ട് വാക്കുകളുടേയും അർത്ഥം ഇടയൻ എന്നാണ്. ആടുകളെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരുവനാണ് ഇടയൻ. ഇത് ഒരുവന് നൽകപ്പെടുന്ന ഒരു പദവി അല്ല മറിച്ച് ഒരു ശുശ്രൂഷയാണ്. ആടുകൾ ഇല്ലാത്തവൻ ഇടയനല്ല.

പഴയ നിയമത്തിൽ ദൈവവും തന്റെ ജനവുമായുള്ള വൈകാരിക ബന്ധത്തെ പ്രദർശിപ്പിക്കുവാൻ ആടും ഇടയനും എന്ന പ്രതീകാത്മക ചിന്ത വെളിപ്പെടുത്തിയിട്ടുണ്ട്. (സങ്കീർത്തനങ്ങൾ 100:3) യിസ്രായേൽ ജനത്തെ രാഷ്ട്രീയമായും മത പരമായും നയിച്ചിരുന്ന നേതാക്കന്മാരെ ഇടയന്മാരായി ചിത്രീകരിച്ചിട്ടുണ്ട്. മോശെ, ദാവീദ് എന്നിവർ അതിനുദാഹരണങ്ങളാണ്. കൂടാതെ ഭാവിയിൽ വരുവാൻ പോകുന്ന മശിഹായെ ശ്രേഷ്ട ഇടയനായി സങ്കൽപ്പിച്ചിരിക്കുന്നു. പുതിയ നിയമത്തിൽ യേശുക്രിസ്തു ശ്രേഷ്ട ഇടയനാണെന്ന ചിന്ത പരക്കെ പരാമർശിച്ചിട്ടുണ്ട്. കൂടാതെ തന്റെ ശുശ്രൂഷകന്മാരെ ഇടയന്മാരായും ചിത്രീകരിച്ചിട്ടുണ്ട്.

ഈ ലഘു ലേഖനത്തിൽ ഒരു ഇടയന്റെ സ്വാഭാവ വൈശിഷ്ട്യങ്ങൾ എന്തെല്ലാമായിരിക്കണമെന്ന് ചിന്തിക്കുവാൻ താത്പര്യപ്പെടുന്നു. ഇത് ഒരു ദൈവീക ശുശ്രൂഷയാകയാൽ ദൈവത്താൽ തെരെഞ്ഞെടുക്കപ്പെട്ടവനും ദൈവത്താൽ നിയോഗിക്കപ്പെട്ടവനുമാണ് ഒരു പാസ്റ്റർ. ആയതിനാൽ ദൈവത്താൽ നിശ്ചയിക്കപ്പെട്ട സ്വഭാവ വൈശിഷ്യങ്ങൾ തനിക്കുണ്ടായിരിക്കണം. അപ്പോസ്തലനായ പൌലോസ് ഇടയനായ തിമൊഥെയോസിനും തീത്തോസിനും ലേഖനം എഴുതുമ്പോൾ വളരെ വ്യക്തമായി അത് പരാമർശിച്ചിട്ടുണ്ട്. (1തിമൊഥെയോസ് 3:1–7; തീത്തോസ് 1:6– 9)

ഈ സ്വാഭാവ വൈശിഷ്ട്യങ്ങളെ നാലായി തിരിക്കാം. വ്യക്തിപരമായത്, ആത്മീകമായത്, കുടുംബപരമായത്, സാമൂഹ്യമായത് എന്നിങ്ങനെ അവയെ തിരിക്കാം. എന്നാൽ ഇവിടെ ഈ നിലയിൽ തിരിച്ച് ചിന്തിക്കുവാൻ വിസ്താര ഭയത്താൽ തുനിയുന്നില്ല. എന്നാൽ ഇവയിൽ ചിലതു മാത്രം പരിഗണിക്കുന്നു.

ഒരു ശുശ്രൂഷകൻ നിരപവാദ്യനായിരിക്കണം. യാതൊരു അപവാദങ്ങളും തന്നെ ഏശുവാൻ പാടില്ല. കൂടാതെ യാതൊരു അപവാദങ്ങൾക്കും അദ്ദേഹം ഇടം കൊടുക്കുവാൻ പാടില്ല. ഞാൻ ഇങ്ങനെ കേട്ടിട്ടുണ്ട്. പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ കാലത്ത് ഹെബ്രോൻ ബൈബിൾ സ്കൂളിൽ പഠിച്ചിരുന്ന യൗവനക്കാരായ ഒരു ഭാര്യയും ഭർത്താവും വൈകുന്നേരങ്ങളിൽ ബൈബിൾ സ്കൂളിന് മുമ്പിലുള്ള റോഡ് സൈഡിലെ മാവിൻച്ചുവട്ടിൽ ഒരുമിച്ചിരുന്ന് സംസാരിക്കുമായിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ട ഉണ്ണൂണ്ണി സാർ അവരെ വിളിച്ച് ഇപ്രകാരം പറഞ്ഞു: നിങ്ങൾ ഭാര്യാഭർത്താക്കന്മാരാണെന്ന് ഞങ്ങൾക്കറിയാം. പക്ഷേ റോഡിലൂടെ പോകുന്നവർക്ക് അത് അറിയാൻ പാടില്ല. അവർ ചിന്തിക്കും ബൈബിൾ സ്കൂളിലെ ഒരു ചെറുക്കനും പെണ്ണും

ഇരുന്ന് സല്ലപിക്കുന്നു എന്ന്, അതുകൊണ്ട് ഇനി മേലാൽ റോഡ് സൈഡിൽ നിന്ന് ഇങ്ങനെ സംസാരിക്കരുത്. മുറിക്കുള്ളിൽ ഇരുന്ന് സംസാരിക്കുക. നോക്കുക! നാം എത്ര ശ്രദ്ധിക്കേണ്ട കാര്യങ്ങളാണിത്. ഇന്ന് പല യുവ ശ്രൂഷക്കന്മാരും സ്വന്തം സഭയിലെ യുവതികളെ മോട്ടോർ ബൈക്കിൽ കൊണ്ട് പോകാറുണ്ട്. ചില പ്പോൾ ചില അത്യാവശ്യ സന്ദർഭങ്ങളിലാണെങ്കിൽ പോലും നാട്ടുകാർ അപവാദം പറയുവാൻ സാദ്ധ്യതയുണ്ട്. ഞാൻ ഈ അവസരത്തിൽ ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായ ഒരു അനുഭവം പറയാം. ഞങ്ങൾ കോട്ടയം ഫിലദൽഫിയ സഭയിൽ ശുശ്രൂഷിക്കുന്ന കാലം. വന്ദ്യവയോധികനായ പി.എം ഫിലിപ്പ് സാർ ഒരു മീറ്റിംഗിനായി കൊട്ടാരക്കരയ്ക്ക് പോകുന്ന വഴി കഞ്ഞിക്കുഴിയിലുള്ള ഫിലദൽഫിയ സഭയിൽ ഞങ്ങളെ സന്ദർശിച്ചു. അദ്ദേഹം കൊട്ടാരക്കരക്ക് പോകുകയാണ് എന്നറിഞ്ഞപ്പോൾ എന്റെ ഭാര്യ മേഴ്സിയും കൊട്ടാരക്കരക്കരെക്ക് തന്റെ ഭവനത്തിലേക്ക് പോകുവാൻ താത്പ്പര്യപ്പെട്ട് അപ്പച്ചനോട് അനുവാദം ചോദിച്ചു. അപ്പോൾ അദ്ദേഹം ഇങ്ങനെ പ്രതിവചിച്ചു. ദാനിയേൽ സഹോദരൻ കൂടെ വരുന്നില്ലെങ്കിൽ കൊണ്ടു പോകുവാൻ സാദ്ധ്യമല്ല. നോക്കുക! നമ്മുടെ മുന്നിൽ നിന്ന ദൈവദാസന്മാർ എത്രയോ മാതൃകാപരമായിട്ടാണ് ജീവിതം നയിച്ചത്. ഇന്ന് ചില ദൈവദാസന്മാർ അവരുടെ സെക്രട്ടറിമാരായി യൗവനക്കാരായ യുവതികളെ നിയോഗിച്ചിട്ടുള്ളത് പലപ്പോഴും അപവാദത്തിന് വഴിയൊരുക്കിയിട്ടുണ്ട്. അതു കൊണ്ട് ഒരു ദൈവദാസൻ അപവാദങ്ങൾക്ക് ഇരയാകരുത്. അതു മാത്രമല്ല അപവാദങ്ങൾക്ക് ഇടം കൊടുക്കയുമരുത്.

ശുശ്രൂഷകൻ അതിഥി പ്രിയനായിരിക്കണം ഒരു ശുശ്രൂഷകൻ അതിഥികളെ സൽക്കരിക്കുന്നവൻ ആയിരിക്കണം. അത് കർത്താവിന്റെ ഒരു കൽപ്പന കൂടിയാണ് (എബ്രായർ 13:2). ഗായോസ് എന്ന ശുശ്രൂഷകനെക്കുറിച്ച് അപ്പോസ്തലനായ യോഹന്നൻ എഴുതുമ്പോൾ താൻ അതിഥികളെ സൽക്കരിക്കുന്നതിൽ വിശ്വസ്തനായിരുന്നു എന്നെഴുതിയിരിക്കുന്നു. (3 യോഹന്നാൻ വാക്യം 5) ഇത് പല ദൈവദാസന്മാരെക്കുറിച്ചും 'അറുത്ത കൈക്ക് ഉപ്പ് തേക്കാത്തവർ' എന്ന പഴമൊഴിയാണ് പറയുന്നത്. കർത്താവ് നമുക്ക് നൽകുന്ന കാര്യങ്ങൾ നാം ഷെയർ ചെയ്യുവാൻ തയ്യാറാകേണം. നാം മറ്റുള്ളവർക്കായി ഫെയ്ത്ത് ഹോം തുറന്നിട്ടിരിക്കണം. നാം ദൈവമക്കളെ സ്നേഹിക്കുകയും അവരുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്താൽ നിശ്ചയമായും നമ്മുടെ ശുശ്രൂഷ വിജയപ്രദമായിരിക്കും.

ശശ്രൂഷക്കന്മാർ ദ്രവ്യാഗ്രഹികളായിരിക്കരുത് ദ്രവ്യാഗ്രഹം സകലവിധ ദോഷങ്ങൾക്കും മൂലമാണ്. ദ്രവ്യം ഒരിക്കലും പാപമല്ല. പക്ഷേ അതിനോടുള്ള പ്രതിപത്തിയും അത് നേടുവാനുള്ള വളഞ്ഞ വഴികളും നമ്മെ നാശത്തിൽ കൊണ്ടെത്തിക്കും എന്ന

> **പഴയ നിയമത്തിൽ ദൈവവും തന്റെ ജനവുമായുള്ള വൈകാരിക ബന്ധത്തെ പ്രദർശിപ്പിക്കുവാൻ ആടും ഇടയനും എന്ന പ്രതീകാത്മക ചിന്ത വെളിപ്പെടുത്തിയിട്ടുണ്ട്. യിസ്രായേൽ ജനത്തെ രാഷ്ട്രീയമായും മത പരമായും നയിച്ചിരുന്ന നേതാക്കന്മാരെ ഇടയന്മാരായി ചിത്രീകരിച്ചിട്ടുണ്ട്.**



തിൽ രണ്ടു പക്ഷമില്ല. എലീശയുടെ ശിഷ്യനായിരുന്ന ഗേഹസിയും പൗലോസിന്റെ സ്നേഹിതനായിരുന്ന ദേമാസും ഇതിന് മകുടോദാഹരണങ്ങളാണ്. ഇവ ആഗ്രഹിച്ച് പരീക്ഷയിലും കെണിയിലും കുടുങ്ങിയിട്ട് സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുന്നു. ഇന്ന് ശുശ്രൂഷ ഒരു കച്ചവടച്ചരക്കായി മാറിയിരിക്കുന്നത് എത്രയോ ലജ്ജാകരമായതാണ്. ഇന്ന് പലരും റേറ്റ് നിശ്ചയിരിക്കയാണ്. കുടുംബത്തിനായി പ്രാർത്ഥിക്കുന്നതിന് ഇത്ര രൂപ.. കുഞ്ഞുങ്ങൾക്കായി പ്രാർത്ഥിക്കുന്നതിന് ഇത്ര. എന്നു വേണ്ട, സകലത്തിനും റേറ്റ് നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനായിരിക്കണം. ഒരു പാസ്റ്ററുടെ ശരിയായ സ്വാഭാവം അറിയണമെങ്കിൽ തന്റെ ഭാര്യയോടും കുഞ്ഞുങ്ങളോടും ചോദിച്ചാൽ മതിയെന്ന് കേട്ടിട്ടുണ്ട്. അത് വളരെ വാസ്തവമാണ്. ഒരിക്കൽ ഒരു ദൈവദാസൻ പറഞ്ഞു ഭാര്യയിൽ നിന്നും സാത്താനിൽ നിന്നും നല്ല സാക്ഷ്യം കിട്ടുവാൻ പ്രയാസമാണ്. എന്നാൽ അവരിൽ നിന്ന് നല്ല സാക്ഷ്യം പ്രാപിക്കുന്നു എങ്കിൽ അവർ ശ്രേഷ്ഠരായ ദൈവദാസന്മാരായിരിക്കും. ഒരിക്കൽ ഒരു സഭായോഗത്തിന് ഒരു ദൈവദാസൻ വളരെ മാധുര്യമായി ദൈവവചനം ശുശ്രൂഷിച്ചു കൊണ്ട് നിൽക്കയാണ്. ഒരു ദൈവ ദൂതൻ സംസാരിക്കുന്നതു പോലെ ഏവർക്കും അനുഭവപ്പെട്ടു. പെട്ടെന്ന് ഒരു ബാഗ് നിറയയെ സാ

ധനങ്ങളുമായി പ്രസംഗകന്റെ അടുത്തെത്തി ഇങ്ങനെ പറഞ്ഞു: അങ്ങ് ഇവിടെ തന്നെ താമസിച്ചാൽ, അങ്ങെക്ക് വേണ്ടുന്നതെല്ലാം ഞാൻ ഇവിടെ എത്തിക്കാം. അങ്ങൊരു ഒരു ദൈവദൂതനെപ്പോലെയിരിക്കുന്നു. അങ്ങ് വീട്ടിൽ വന്നാൽ ഭൂതമായി മാറും. ആ സ്തീ മറ്റാരുമല്ല അദ്ദേഹത്തിന്റെ ഭാര്യയാണ്. ചിലർ സഭയിൽ ദൂതനാണ്, വീട്ടിൽ ഭൂതമാണ്. സ്വന്ത ഭവനത്തിൽ നല്ല സാക്ഷ്യം ഉള്ളവനു മാത്രമേ ദൈവ സഭയെ നന്നായി ഭരിക്കുവാൻ കഴികയുള്ളു. എലീശയുടെ ശിഷ്യന്റെ ഭാര്യ പറയുന്നത് ഇവിടെ അന്വേർത്ഥമാണ്. 'നിന്റെ ശിഷ്യനായ എന്റെ ഭർത്താവ് ഭക്തനായിരുന്നു എന്ന് നീ അറിയുന്നു' (2 രാജാക്കന്മാർ 4:3).

സാമൂഹ്യമായി ആവശ്യമായ ചില കാര്യങ്ങൾ. ഒരു ദൈവദാസൻ സമൂഹത്തിൽ നിന്ന് നല്ല സാക്ഷ്യം പ്രാപിച്ചവൻ ആയിരിക്കണം. എലീശയെക്കുറിച്ച് ശൂനേംക്കാരി സ്ത്രിയുടെ പ്രസ്താവന വളരെ ചിന്തനീയമാണ്. 'നമ്മുടെ വഴിയായി കൂടെക്കൂടെ പോകുന്ന ഈ മനുഷ്യൻ ഭക്തനായോരു ദൈവ പുരുഷൻ എന്നു ഞാൻ കാണുന്നു'. ഒരു ദൈവദാസന്റെ നോട്ടം സംസാരം എന്നിവ സമൂഹം ശ്രദ്ധിക്കപ്പെടുന്നതാണ്. നാം എവിടെയായിരുന്നാലും നാം ആരാണെന്ന് ബോദ്ധ്യത നമുക്കുണ്ടായിരിക്കണം. നമ്മുടെ നോട്ടം, ഭാവം, വസ്ത്രധാരണം എന്നിവ നാം വളരെ ശ്രദ്ധിക്കേണം. നല്ല വൃത്തിയായ വസ്ത്രധാരണം മറ്റുള്ളവരുടെ ആദരവുണ്ടാക്കും. എല്ലാവിധ ശാരീരിക ശുചിത്വവും നാം പാലിക്കണം. നാം പലരോടും അടുത്ത് ഇടപെടുന്നതു കൊണ്ട് വായ്നാറ്റം അകറ്റുക. അതിന് നല്ല തരത്തിലുള്ള ടൂത്ത് പെയ്സ്റ്റ് ഉപയോഗിക്കുക. ശാരീരിക ദുർഗന്ധമകറ്റുവാൻ നല്ല ഡിയോറന്റുകൾ ഉപയോഗിക്കുക.

ദിവസം രണ്ടു നേരമെങ്കിലും കുളിക്കാൻ മറക്കരുത്. ശരിയായ ടേബിൾ മാനേർസ് പാലിക്കുക. വായ്തുറന്ന് ശബ്ദമുണ്ടാക്കി ഭക്ഷണ ചവക്കരുത്. കൂടെ ആഹാരം കഴിക്കുന്നവരെ കൂടി കരുതുക. ഒരു ഭവനത്തിൽ ചെല്ലുമ്പോൾ പാലിക്കേണ്ട മെച്ചമായ മര്യാദകൾ പാലിക്കുക. ഭവനത്തിൽ പ്രാർത്ഥിച്ച ശേഷം കൈമടക്ക് ലഭിക്കേണ്ടതിനായ് കാത്തു നിൽക്കരുത്. പ്രസ്തുത ഭവനത്തിൽ കാണുന്ന യാതൊന്നും പ്രീയമായി നോക്കി ആഗ്രഹം പ്രകടിപ്പിക്കരുത്. ഒരു ഭവനത്തിൽ ചെന്നാൽ വീടിന്റെ ജനാലയിലൂടെ ഒളിഞ്ഞു നോക്കരുത്. വീടിന്റെ വാതിൽ തുറന്നു കിടന്നാലും അനുവാദം കൂടാതെ അകത്തു കടക്കരുത്. അടുക്കള വാതിലിലൂടെ അകത്തു കടക്കരുത്. വീട്ടിലെ കൊച്ചമ്മയോട് സ്വകാര്യം പറയാൻ അടുക്കളയിൽ കയറരുത്.

ഇതെല്ലാം സംക്ഷേപിച്ചുകൊണ്ട് നമുക്ക് ചിരപരിചിതമായ ചില ജീവികളുടെ സ്വാഭാവുമായി ഒരു ദൈവദാശന്റെ സ്വഭാവം തുലനപ്പെടുത്തി നിറുത്തട്ടെ.

ഒരു ദൈവദാസന് കഴുകന്റെ ദീർഘവീക്ഷണവും വേട്ടപ്പട്ടിയുടെ വേഗതയും വേണം. കാളയുടെ കരുത്തും തേനീച്ചയുടെ പരിശ്രമശീലവും അനിവാര്യമാണ്. കുതിരയുടെ വിശ്വസ്തതയും കഴുതയുടെ സഹിഷ്ണുതയും ആവശ്യമാണ്. സിംഹത്തിന്റെ ഗാംഭീരതയും കുഞ്ഞാടിന്റെ സൗമ്യതയും കൂടിയേ തീരു. കാണ്ഡാമൃഗത്തിന്റെ തൊലിക്കട്ടിയും ഒരു കുരികിലിന്റെ വരുമാനം കൊണ്ട് ഉപജീവനം നടത്തുവാനുള്ള വിശ്വാസവും ആവശ്യമാണ്.

# നമുക്കുവേണം മതപ്രബോധനവും പിന്നെ നിയമബോധവും

11-ാം പേജ് തുടർച്ച

മാത്രം തൃപ്തിപ്പെടുന്നത് അക്ഷന്തവ്യമായ അപരാധമായി ആദ്ധ്യാത്മീക സമൂഹങ്ങൾ കാണേണം.

ആധുനിക കാലത്തെ ക്രൈമിനെക്കുറിച്ചും അതിനു ലഭിക്കുന്ന പരമാവധി ശിക്ഷകളെക്കുറിച്ചുമുള്ള ഒരു ക്രമീകൃത നിയമബോധനം നമ്മുടെ വേദപഠനക്ലാസുകളിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ബൈബിൾ ചിന്തയനുസരിച്ച് നമുഷ്യൻ പാപിയാണ്. പാപി കുറ്റവാളിയാകുന്നത് സാമൂഹിക സാഹചര്യത്തിന്റെ നിർമ്മിതിയാണ്. വ്യക്തിയുടെ മനം മാറ്റം സാമൂഹിക പരിഷ്കരണങ്ങളിൽ കൂടിയും സംഭവിക്കുന്നു.

മനുഷ്യനിലെ കുറ്റവാളി രംഗത്തു വരാതിരിക്കാനുള്ള സാമൂഹിക സാഹചര്യം കൂടെ ഉണ്ടാക്കിക്കൊടുക്കുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. വിഖ്യാത രചനകളായ ചാൾസ് ഡിക്കൻസിന്റെ ഒലിവർ ടിസ്റ്റും, വിക്ടർ ഹ്യൂഗോയുടെ പാവങ്ങളും ഒക്കെ വ്യക്തികൾ കുറ്റവാളികളാകുന്നതിനെ സൂക്ഷ്മമായി വിലയിരുത്തിയിട്ടുള്ളവയാണ്.

**നിയമങ്ങളുടെയെല്ലാം ഉത്ഭവം മതങ്ങളിൽ നിന്നും അതിന്റെ പ്രവാചകരിൽ നിന്നുമാണെന്ന് പറയാം. മുഹമ്മദ് നബിയും, മോശയും, പ്രാചീന ഭാരതത്തിൽ മനുവും എല്ലാം നിയമദാതാക്കളായിരുന്നു.**



അതുകൊണ്ട് നിയമബോധനത്തിന്റെ വാതാനം നമ്മുടെ പുതുതലമുറയ്ക്കു മുമ്പിൽ നാം തുറന്നു കൊടുക്കേണ്ടതുണ്ട്. പാരമ്പര്യ പാപശാസ്ത്രത്തിന്റെ അരികുപറ്റിയുള്ള പഠിപ്പിക്കലുകളിൽ നിന്നും മാറി ആധുനിക കുറ്റങ്ങളെയും ,ശിക്ഷകളെയുംക്കുറിച്ച് ആഴത്തിലുള്ള ബോധം ഈ തലമുറ ആവശ്യപ്പെടുന്നു.

നിയമങ്ങളുടെയെല്ലാം ഉത്ഭവം മതങ്ങളിൽ നിന്നും അതിന്റെ പ്രവാചകരിൽ നിന്നുമാണെന്ന് പറയാം. മുഹമ്മദ് നബിയും, മോശയും, പ്രാചീന ഭാരതത്തിൽ മനുവും എല്ലാം നിയമദാതാക്കളായിരുന്നു. ഹമ്മുറാബിയുടെ നിയമം പുരാതന നിയമസംഹിതകളിൽ പ്രധാനമാണമല്ലോ. മതത്തിന്റേതായാലും ഭരണകൂടത്തിന്റെതായാലും സമൂഹത്തെയും വ്യക്തിയെയും തമ്മിലിണക്കുന്ന കണ്ണികളാണിവ. അവയെക്കുറിച്ചുള്ള അറിവ് കുറ്റകൃത്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാൻ പ്രേരിപ്പിക്കും.

അന്ത്യകാലത്ത് പരലോകത്ത് ഉടയതമ്പുരാൻ ന്യായാധിപനായി നിൽക്കുന്നതിന്റെ ആ വിദൂരകാല ചിത്രം മാത്രം പോരാ നമ്മുടെ മനസിൽ, കണ്ണുമൂടിക്കെട്ടി കൈയ്യിൽ ഒരു ത്രാസും പിടിച്ച് നിൽക്കുന്ന ഇന്ത്യൻ ജുഡിഷ്യറിയുടെ നീതി ദേവതയുടെ സമകാലപ്രതീകമായ ചിത്രവും ഉണ്ടായിരിക്കണം. മുഖം നോക്കാതെ തന്റെ ത്രാസിൽ സത്യധർമ്മങ്ങളെ ത്തൂക്കി കുറ്റവിചാരണനടത്തി ശിക്ഷ വിധിക്കുന്നതിന്റെ പ്രതീകം.








പാസ്റ്റർ. ജോമോൻ തെക്കേക്കര

# സോഷ്യൽ മീഡിയ ന്യൂക്ലിയർ എനർജി

ആധുനികതയിൽ നിന്നും ഉത്തരാധുനികതയിലേക്കുള്ള മാറ്റം വളരെ ശ്രദ്ധേയമാണ്. ശബ്ദം അക്ഷരങ്ങളായി 'ട്രാൻസ്ക്രിപ്റ്റ്'ചെയ്യുന്ന ഡിജിറ്റൽ യുഗത്തിൽ ജീവിക്കുന്ന തലമുറയും, മിലേനിയം ജനറേഷനും തമ്മിലുള്ള അന്തരം വലുതാണ്. 'ഡ്യൂഡ്, നീ പറയുന്നതൊന്നും ഞങ്ങൾക്ക് മനസ്സിലാവുന്നില്ല. അതുകൊണ്ട് ബ്രോ, ഞങ്ങളെ വിട്ടേര്'എന്നു പറയുന്ന ജനറേഷനെയാണ് ഞാൻ ഉദ്ദേശിച്ചത്. ഇന്നു ജീവിക്കുന്ന തലമുറ മാറ്റം ഉൾകൊണ്ടു സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ദൈവസന്നിധിയിൽ അധിക സമയം ചെലവഴിക്കാൻ മെനക്കെടാതെ അടിപൊളിയായി ജീവിക്കാൻ ശ്രമിക്കുന്നവർ, സോഷ്യൽ മീഡിയകളിൽ ലൈക്കുകളും കമന്റുകളും സ്മൈലികളും കണക്കുകൂട്ടി ദൈനംദിന ജീവിതം നയിക്കുന്ന സെൽഫി ജനറേഷൻ. 'സ്വന്തം കാര്യം സിന്ദാബാദ്'എന്നു ചിന്തിച്ച് സ്വാർത്ഥതയുടെ ലോകത്ത് എന്തിനെയും അനുകരിക്കാൻ വെമ്പൽകൊള്ളുന്ന, മണ്ടത്തരം കാണിച്ചും പ്രശസ്തി വേണമെന്നാഗ്രഹിക്കുന്ന തട്ടുപൊളിപ്പൻ ജീവിതശൈലിയെ പിന്തുടരുന്ന തലമുറ. 'പഴഞ്ചൊല്ല്' ഇപ്പോൾ 'ബനാന ടോക്ക്'ആണ്. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'എന്നതിന് 'സിസ്റ്റമേതായാലും കമ്പ്യൂട്ടർ നന്നായാൽ മതി"'എന്നായി ചൊല്ലുകൾ.

ഈ കാലഘട്ടത്തിൽ സോഷ്യൽ നെറ്റ്വർക്കിംഗ് ഉപയോഗം ശക്തമായ വിമർശനത്തിന് വിധേയമാണ്. എല്ലാത്തിനും കുറ്റം പറയാതെ കാര്യങ്ങൾ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളണം. പുതുതലമുറ ഏറ്റവുമധികം സമയം ചെലവഴിക്കാൻ ഇഷ്ടപ്പെടുന്ന മേഖലയാണ് സോഷ്യൽ മീഡിയ. ലോകത്തിന്റെ ഏതുകോണിലുമുള്ള കുടുംബാംഗങ്ങളെയോ സുഹൃത്തുക്കളെയോ നിരന്തരമായി ബന്ധപ്പെടാൻ പറ്റുന്ന മാധ്യമം. വികാരവും വിചാരവും, ചിന്തയും, അനുഭവവുമൊക്കെ പങ്കുവെയ്ക്കാൻ കഴിയും എന്നാലതിന് മറുവശമുണ്ട് സുഹൃത്തുക്കൾ നേരിട്ട് കണ്ടിടപഴകുന്ന ശീലം ഗണ്യമായി കുറഞ്ഞു. പല ചതിക്കുഴികളും (വ്യാജ പ്രൊഫൈലുകളുൾപ്പെടെ) ഇതിൽ കാണാൻ കഴിയും. അംഗത്വത്തിന് പ്രായപരിധി വച്ചിട്ടുണ്ടെങ്കിലും ചെറിയ കുട്ടികൾ പ്രായം കൂട്ടിക്കാണിച്ച് അംഗത്വം നേടുന്നു. ഇതവരുടെ മാനസിക വളർച്ചയെ സാരമായി ബാധിച്ചേക്കാം.

മനുഷ്യൻ ഉണ്ടാക്കിയതിനേക്കാൾ വലുതാണ് മനുഷ്യനെ ഉണ്ടാക്കിയവൻ എന്ന തിരിച്ചറിവ് ഉണ്ടാകണം. "As a Christian what we do have?" നമ്മുടെ വിശ്വാസത്തിന് എത്ര ആഴമുണ്ട്, പ്രത്യാശക്ക് എത്ര ഉയരമുണ്ട്. സ്നേഹത്തിന് എത്ര ദൂരമുണ്ട്. ക്രിസ്തുവിന്റെ സഹകാരികളായ നാം പ്രസരിപ്പിക്കുന്ന വേവ് ലെങ്ത് കറക്ട് ആകാത്തതുമൂലം നമ്മുടെ മക്കൾ ക്രിസ്തുവിനെ 'അൺഫ്രണ്ട്'ചെയ്താൽ അതിൽപ്പരം നഷ്ടം എന്തുണ്ട്?

പൊതുജനം സോഷ്യൽ നെറ്റുവർക്കുകളെ വ്യത്യസ്ഥവീക്ഷണകോണുകളിലൂടെ നോക്കിക്കാണുന്നു. ചിലർ തെറ്റിന് ഊന്നൽ കൊടുക്കുമ്പോൾ മറ്റു ചിലർ ഇതിലെ ശരികൾക്ക് അടിവരയിടുന്നു. നമ്മുടെ സമീപനം എന്തായിരിക്കണം? ക്രിയാത്മക മായൊരു സമീപനമായിരിക്കണം നാം അവലംബിക്കേണ്ടത്. ഇതിന്റെ അനന്ത സാധ്യതകളെ ശരിയാംവണ്ണം മുതലെടുത്തുകൊണ്ട് അനുഗ്രഹമാക്കി മാറ്റണം. ആത്മീയകാര്യങ്ങൾ ചർച്ച ചെയ്യുവാനും, പങ്കുവെയ്ക്കാനുമുള്ള വേദിയാക്കി നെറ്റ് വർക്കിംഗ് സൈറ്റുകളെ രൂപാന്തരപ്പെടുത്തുന്നൊരു ആത്മീയ സമീപനം നമുക്ക് വേണമെങ്കിൽ അവലംബിക്കാം.

സാമൂഹ്യ താല്പര്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള ഒരു വേദിയെന്ന നിലയിൽ ഒരു സാമൂഹിക സമീപനം നമുക്ക് നെറ്റ്വർക്കിംഗ് സെറ്റുകളോട് സ്വീകരിക്കാം. പണ്ടുകാലത്ത് പെട്ടിക്കടകളിലും, ലൈബ്രറികളിലും വിജ്ഞാനവും, നാട്ടുവാർത്തയും വിനിമയം ചെയ്യപ്പെട്ടിരുന്നു. ഇന്നതിനുള്ള ഒരു നല്ല വേദിയാക്കി നെറ്റ് വർക്കിംഗ് സൈറ്റുകളെ രൂപാന്തരപ്പെടുത്തിക്കൊണ്ടൊരു പൊതുവിജ്ഞാന സമീപനം സ്വീകരിക്കാം.

ഇങ്ങനെ പലരീതിയിലുള്ള ക്രിയാത്മകമായ സമീപനങ്ങളിലൂടെ സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളെ നമ്മുടെ സമൂഹത്തിനും, ലോകത്തിനുമൊരു മുതൽകൂട്ടാക്കി മാറ്റാം. നെറ്റ് വർക്കിംഗ് സൈറ്റുകളുടെ സാദ്ധ്യതകൾ അനന്തമാണ്. ബറാക്ക് ഒബാമയെ അമേരിക്കൻ പ്രസിഡന്റാക്കിയതും, അണ്ണാഹസാരയെ ചെറുപ്പക്കാർക്ക് പ്രിയങ്കരനാക്കിയതും, സോഷ്യൽ നെറ്റ്വർക്കുകളാണ്. നന്മയും തിന്മയും വിതയ്ക്കാൻ കഴിവുള്ള പുതിയ ന്യൂക്ലിയർ എനർജിയാണിത്. വിവേകത്തോടെയും, വീണ്ടുവിചാരത്തോടെയും നമുക്കിവയെ ഉപയോഗിക്കാം.

# വനമേഖലയിലെ സഭാപ്രവർത്തനം



പാസ്റ്റർ ജോസഫ് വറുഗീസ്

**ശ**ബരിമല തീർത്ഥാടനകേന്ദ്രത്തിന് ഏറ്റവും അടുത്തുള്ള വനമേഖലയാണ് ളാഹ. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ വടശ്ശേരിക്കരവഴി പെരുനാട് കഴിഞ്ഞ് ഒരു പത്ത് കിലോമീറ്റർ യാത്ര ചെയ്താൽ ഇവിടെത്താം. പെരുനാട് കഴിഞ്ഞാൽ ളാഹവരെ പതിനായിരക്കണക്കിന് ഏക്കർ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഇന്ത്യയിലെ ഏറ്റവും വലിയ റബ്ബർ തോട്ടങ്ങളാണ്. ളാഹ കഴിഞ്ഞാൽ പ്ലാപ്പള്ളി, നിലയ്ക്കൽ, പമ്പ പ്രദേശങ്ങളിലെ സൂര്യപ്രകാശം ഭൂമിയിൽ പതിക്കാത്ത–സൃഷ്ടി മുതൽ എങ്ങനെയോ അങ്ങനെത്തന്നെ ഇന്നും ഇരിക്കുന്ന കന്യാവനങ്ങൾ സിംഹം ഒഴികെ മറ്റെല്ലാ കാട്ടുമൃഗങ്ങളും രാവും പകലും ഒരുപോലെ വിഹരിക്കുന്ന സ്ഥലങ്ങൾ. കാട്ടുകമ്പുകൊണ്ട് കുടിൽ കെട്ടി. ഈറ്റയുടെ ഇലകൾകൊണ്ട് മേൽക്കൂര ഉണ്ടാക്കി അതിൽ എട്ടും പത്തും കുട്ടികളുമായി കഴിയുന്ന ആദിവാസികൾ. അവർ സമൂഹമായി പാർക്കുന്ന ഊരുകൾ. വെളുത്ത നിറവും മഞ്ഞത്തലമുടിയുമുള്ള കുറെപ്പേർ. ചില വർഷങ്ങൾക്ക് മുമ്പുവരെ മുളങ്കുറ്റിയിൽ കാട്ടുകിഴങ്ങുകൾ ചൂടാക്കി കഴിക്കുന്നവർ. കുടിയേറ്റക്കാരായ കുറെ ഹിന്ദു മുസ്ലിം ക്രൈസ്തവ കുടുംബങ്ങൾ (ഏകദേശം 100) കഴിഞ്ഞാൽ ആദിവാസി ഗോത്ര വിഭാഗക്കാരാണ് ഇവിടുത്തെ താമസക്കാർ. ധാരാളം പശുക്കൾ കൂട്ടം കൂടി മേയുന്നത് കൗതുകമുള്ള പകൽകാഴ്ചയാണ്. രാത്രിയിൽ അവ ഒന്നിച്ചുകൂടി റോഡിൽ കിടന്നുറങ്ങുന്നു നൂറ് കണക്കിന് റബ്ബർ തൊഴിലാളികൾ ദശാബ്ദങ്ങളായി പാർക്കുന്ന ലയങ്ങൾ തോട്ടങ്ങളിലുണ്ട്. പുതിയ തലമുറക്കാർ താരതമ്യേന വിദ്യാഭ്യാസം ഉള്ളവരും വിദേശങ്ങളിൽ ജോലിയുള്ളവരുമുണ്ട്. തോട്ടം തൊഴിലാളികൾക്കുള്ള ഒരു അംഗൻവാടി ഒഴികെ വേറെ യാതൊരു വിദ്യാഭ്യാസ സ്ഥാപനമോ സഹായത്തിന് സൗകര്യമോ ഇല്ല. വറവുകാലത്ത് ദൗർലഭ്യം നല്ലതുപോലെ അനുഭവിക്കുന്നു.

**സഭാപ്രവർത്തനം:** 1987 ൽ മഞ്ഞത്തോട്ടിൽ പരേതനായ എം.ജെ വർഗീസ് (ബാബുച്ചായൻ)ന്റെ വീട്ടിൽ ആരാധന പ്രാർത്ഥിച്ചാരംഭിച്ചു. 10 വർഷം അവിടെ ആരാധന തുടർന്നു വന്നു. 1997 മുതൽ 18 വർഷം ചരലും പുറത്ത് സി.പി.തോമസ് (മോനച്ചായൻ) ന്റെ വീട്ടിൽ ആരാധന തുടർന്നു വന്നു. 2014 ൽ ളാഹ സിറ്റിയിൽ ഒരു ഹോട്ടൽ മുറിയിലും തുടർന്ന് വനത്തിനുള്ളിൽ മഞ്ഞത്തോട്ടിലെ ഒഴിഞ്ഞുകിടന്ന പഴയവീട്ടിലും ഇപ്പോൾ ഒരു വർഷമായി താന്നിമൂട്ടിലെ കടയുടെ അടിയിലുള്ള ഒരു സെല്ലാർ റൂമിലും ആരാധന തുടർന്നു വരുന്നു. റാന്നി (E) സെന്ററിൽപെട്ട സഭയ്ക്ക് സെന്റർ മാസംതോറും ആയിരം രൂപ വാടകയിനത്തിൽ തരുന്നുണ്ട്.

**ശുശ്രൂഷകൻ:** കീക്കൊഴൂർ സ്വദേശിയായ പാസ്റ്റർ ജോസഫ് വർഗീസ് കുടുംബമായി കഴിഞ്ഞ 5 വർഷമായി ഇവിടെ ശുശ്രൂഷിച്ചു വരുന്നു. പാർവ്വതി എന്ന ആദിവാസി മാതാവ് 4 വർഷമായി സ്നാനമേറ്റ് ആരാധിച്ചുവരുന്നു. ശുശ്രൂഷയുടെ നാലാം വർഷം 4 കുടുംബങ്ങൾ പുതുതായി സഭയോട് ചേർന്ന് ആരാധിച്ചുവരുന്നു. ഇപ്പോൾ ആകെ 11 കുടുംബങ്ങളുണ്ട്. 35 കിലോമീറ്റർ ദൂരെനിന്നും യാത്രചെയ്ത് കുടുംബമായി ശുശ്രൂഷ നിർവ്വഹിക്കുന്നത് ശ്രമകരമായ പ്രവർത്തിയാണ്. വെള്ളിയാഴ്ച പ്രാർത്ഥനയും ഞായറാഴ്ച സണ്ടേസ്കൂൾ, ആരാധന തുടങ്ങിയവയാണ് പ്രധാന ആത്മീയ കൂടി വരവുകൾ.

**ആലയം പണി:** പാസ്റ്റർ ജോസഫ് വർഗീസിന്റെ പ്രത്യേക ഉത്സാഹപ്രകാരം 81/4 സെന്റ് സ്ഥലം 6 ലക്ഷം രൂപയ്ക്ക് 2015 ൽ സഭയ്ക്കായി വാങ്ങുവാൻ ദൈവം കൃപ ചെയ്തു. വളരെ ശ്രമം നടത്തിയതിനാൽ പെരുനാട് പഞ്ചായത്തിൽ നിന്നും ഒരു പാഴ്സനേജ്/ ആരാധനാലയം പണിയുവാൻ അനുവാദം ലഭിച്ചു. 2016 മെയ് മാസത്തിൽ ആലയം പണിക്ക് സെന്റർ പാസ്റ്റർ വർഗീസ് ഏബ്രഹാം തറക്കല്ലിട്ടു. സാമ്പത്തീക ബുദ്ധിമുട്ട് കാരണം തറകെട്ടി കഴിഞ്ഞപ്പോൾ പണി മുന്നോട്ട് തുടരാനായില്ല. ദൈവഹിതമായ 2017 മെയ് 24 ന് കട്ടളവച്ച് പണിതുടരുവാനാഗ്രഹിക്കുന്നു.

**സുവിശേഷീകരണം**

1. പാസ്റ്റർ കുര്യാക്കോസ് തോട്ടത്തിലിന്റെ നേതൃത്വത്തിൽ തട്ടേക്കാട് ഐപിസിയിലെ സോദരീസമാജം 25000/ – (ഇരുപത്തയ്യായിരം) രൂപയുടെ കാരുണ്യപ്രവർത്തിയും ഉച്ചഭക്ഷണം നൽകി സുവിശേഷീകരണവും നടത്തി.
2. Gedeons –ന്റെ നേതൃത്വത്തിൽ 100 പുതിയനിയമം ഭവനങ്ങളിൽ വിതരണം ചെയ്തു.
3. സി.ജാൻസി ജോസഫിന്റെ നേതൃത്വത്തിൽ വസ്ത്രങ്ങൾ, ഭക്ഷണസാധനങ്ങൾ (അരി, പച്ചക്കറി, tooth paste, brush, torche, bucket, etc) നിരന്തരം വിതരണം ചെയ്യുന്നു.
4. പാസ്റ്റർ ജോസഫ് വർഗീസും ടീമംഗങ്ങളും നിരന്തരം വ്യക്തിപര സുവിശേഷീകരണം, ലഘുലേഖവിതരണം, ഭവനസന്ദർശനം, പരസ്യയോഗങ്ങൾ നടത്തുന്നു.
5. സഭാംഗമായ ചെറിയാനും ടീമംഗങ്ങളും നിരന്തരം പരസ്യയോഗങ്ങൾ, ഭവനസന്ദർശനം തുടങ്ങിയ നടത്തുന്നു.

**വെല്ലുവിളികൾ**

1. ആലയം/ പാഴ്സനേജ് ഇല്ലാത്തതിനാൽ ദൈവദാസന്മാർക്ക് ദേശത്ത് പാർത്ത് ശുശ്രൂഷിപ്പാനാവുന്നില്ല.
2. ആന, കാട്ട്പോത്ത്, പുലി, കടുവ മുതലായവ ഉള്ളതിനാൽ രാത്രി ശുശ്രൂഷകൾ നടക്കുന്നില്ല.
3. മദ്യപാനം, കുടുംബത്തകർച്ച, പെട്ടെന്നുള്ള മരണം ഇവ ആഞ്ഞടിച്ചു കൊണ്ടിരിക്കുന്നു.

**സാധ്യതകൾ:** 20 കിലോമീറ്റർ ചുറ്റളവിൽ കാര്യമായ ആത്മീയ പ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ കുടിയേറ്റക്കാരായ സാമുദായിക ഹൈന്ദവ, മുസ്ലിം സഹോദരങ്ങളുടെയിടയിലും, തൊഴിലാളികളുടെയിടയിലും ആദിവാസി ഗോത്ര സമൂഹങ്ങളുടെയിടയിലും പ്രവർത്തനത്തിന് വളരെ സാധ്യതയുണ്ട്. ചെറിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തയ്യൽ ജോലി പഠിപ്പിക്കൽ, വൈദ്യസഹായം തുടങ്ങിയവയിലൂടെ പ്രവർത്തനസാധ്യതകൾ വളരെയാണ്.



ഒമേഗ സുനിൽ

# ഉയരങ്ങളിലേക്ക്

ടർക്കി രാജ്യത്തിന്റെ പഴയപേര് ഫ്രുഗ്യ എന്നായിരുന്നു. ഫ്രുഗ്യയിലെ ഒരു പ്രധാന വാണിജ്യ നഗരമായിരുന്നു കൊലൊസ്യ. ഏഷ്യാ മൈനറിലെ മിയാൻഡർ നദിയുടെ പോഷക നദിയായിരുന്ന ലൈക്കസിന്റെ തീരത്ത് സ്ഥിതി ചെയ്തിരുന്ന മൂന്ന് പട്ടങ്ങളിൽ ഒന്നായിരുന്നു കൊലൊസ്യ ലൈക്കസ് നദിക്കരയിൽ നിന്നും ഏകദേശം 12 മൈൽ മുകളിലായിട്ടായിരുന്നു കൊലൊസ്യ പട്ടണം. വളരെ ഗഹനവും സുപ്രധാനവുമായ ഒരു ലേഖനം ഈ സഭയ്ക്കു എഴുതുവാൻ പരിശുദ്ധാത്മാവ് പൌലൊസിനെ പ്രേരിപ്പിച്ചു. ഈ ലേഖനം എഴുതി ഏതാനും വർഷങ്ങൾ കഴിഞ്ഞ് കൊലൊസ്യ പട്ടണം ഭൂകമ്പത്താൽ തകർന്നുപോയി. വളരെ ജനപ്പെരുപ്പം ഉണ്ടായിരുന്ന ഈ പട്ടണത്തിലെ അവശിഷ്ടങ്ങൾ 1835-ൽ ഭൂഗർഭ ശാസ്ത്രജ്ഞൻമാർ കണ്ടെടുത്തിട്ടുണ്ട്.

അപ്പൊസ്തലനായ പൌലൊസിലൂടെ കൊലൊസ്യ സഭയ്ക്ക് ആവശ്യമായ പ്രബോധനം നൽകുകയാണ് ദൈവാത്മാവ്. മൂന്നാം അദ്ധ്യായത്തിൽ ഒരു വിശ്വാസിയെ നാലുതലങ്ങളിലായി തിരിച്ച് അവതരിപ്പിക്കുവാൻ പൌലോസ് ശ്രമിക്കുന്നു. വിശ്വാസി സ്വർഗ്ഗത്തിൽ, വിശ്വാസി ഭൂമിയിൽ, വിശ്വാസി സഭയിൽ, വിശ്വാസി കുടുംബത്തിൽ എന്നിവയാണീ ചതുർതലങ്ങൾ. ആദ്യനാലു വാക്യങ്ങളിലാണ് ആദ്യതലം പരാമർശിക്കുന്നത്. അതിൽ കണ്ണും ഹൃദയവും ഉടക്കുന്ന ഒരു നിർദ്ദേശമാണ് "ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളത് തന്നെ ചിന്തിപ്പീൻ" എന്ന രണ്ടാം വാക്യം. പൈശാചിക മണ്ഡലവും അതിനു മുകളിൽ ഒരു ദൂതമണ്ഡലവും ഉള്ളതായി വിശ്വസിച്ചിരുന്ന കൊലൊസ്യ ജനതയെ അതിനു കുറെ കൂടി മുകളിലുള്ളതും അവർക്കജ്ഞാതവുമായിരുന്ന ദൈവമണ്ഡലത്തെ ചൂണ്ടിക്കാട്ടി അവിടേക്കൊന്നുയർത്തുവാൻ പരിശ്രമിക്കുകയാണ് അപ്പൊസ്തലൻ.

ഉയരത്തിലുള്ളത് ചിന്തിക്കുക എന്ന് പറഞ്ഞാൽ പാദങ്ങൾ ഭൂമിയിലായിരിക്കുമ്പോൾത്തന്നെ മനസ്സ് സ്വർഗ്ഗത്തിലായിരിക്കണം എന്നർത്ഥം. മൺമയമായ വസ്തുക്കളുമായി യാതൊരു ബന്ധവുമില്ലെന്നല്ല പ്രത്യുത പ്രയോഗിക ജീവിതത്തിലെ വിഷയങ്ങൾക്ക് നാം ഉയരത്തിൽ നിന്ന് മാർഗ്ഗനിർദ്ദേശം പ്രാപിക്കണം എന്നാണ്. നാം ഭൂമിയിലായിരിക്കുമ്പോൾ തന്നെ സ്വർഗ്ഗത്തിലെ പൌരന്മാർ എന്ന നിലയിൽ സ്വർഗ്ഗത്തിന്റെ കാഴ്ചപ്പാടിൽ നാം ഭൂമിയെ കാണണം എന്നർത്ഥം.

**ഉയരത്തിലുള്ളതിനെക്കുറിച്ചുള്ള ചിന്തയാണ് തന്നെ ദൈവത്തോടുകൂടെ നടക്കുവാൻ പ്രേരിപ്പിച്ചത് എന്ന് കരുതുന്നതിൽ തെറ്റില്ല. കാണുന്നത് താല്ക്കാലികം കാണാത്തതോ നിത്യം എന്ന ചിന്ത താൻ ഉൾക്കൊണ്ടു എന്ന് കരുതാം. സ്വർഗ്ഗീയ കണ്ണാടിയിലൂടെ ഈ ഭൂമിയെ നോക്കുന്ന ഒരു വ്യക്തിക്ക് ഭൂമിയും അതിലുള്ളതും ചെറുതായും ഉയരത്തിലുള്ളത് കൂടുതൽ ചിന്തിക്കുന്ന ദൈവപൈതലിന് സ്വർഗ്ഗവുമായുള്ള അടുപ്പവും ആകർഷണവും വർദ്ധിച്ചു കൊണ്ടിരിക്കും.**

കോഴിമുട്ടകളുടെ ഇടയിൽ ഒരു കുസൃതിപ്പയ്യൻ കൊണ്ടു വച്ച കഴുകന്റെ മുട്ടയും കുറെ ദിവസങ്ങൾ കഴിഞ്ഞപ്പോൾ വിരിഞ്ഞു. കോഴിക്കുഞ്ഞുങ്ങളോടൊപ്പം കഴുകന്റെ കുഞ്ഞും മണ്ണിൽ ചികഞ്ഞു നടന്നു. ഒരു ദിവസം നീലാകാശത്തിൽ പറന്നുനടന്ന കഴുകൻ സ്വന്തം രക്തത്തിലുള്ള കുഞ്ഞുകഴുകനെ കണ്ടു. ചിറകുവിരിഞ്ഞിട്ടും കോഴികുഞ്ഞുങ്ങളുടെ കൂടെ ചികഞ്ഞ് നടന്ന കഴുകനോട് അവന് സഹതാപം തോന്നി. ഒരു ദിവസം അവൻ പറന്നു താഴെയിറങ്ങി കുഞ്ഞു കഴുകന്റെ ചെവിയിൽ മന്ത്രിച്ചു. "നീ കഴുകനാണ് കോഴിയല്ല, പറക്കാൻ നിനക്ക് ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ ചിറകുവിടർത്തി പറന്നു വരിക". കുഞ്ഞു കഴുകൻ തന്നിലേക്കു തന്നെ നോക്കി. കോഴിക്കുഞ്ഞനെയും നോക്കി. താൻ വ്യത്യസ്തനാണെന്ന് മനസ്സിലാക്കിയ കുഞ്ഞുകഴുകൻ ചിറകുവിടർത്തി ആകാശനീലിമയിലേക്ക് പറന്നുയർന്നു. കഴുകനെപ്പോലെ ചിറകുവിടർത്തി ഉയരങ്ങൾ കീഴടക്കേണ്ട പലരും ഭൂമിയിലുള്ളത് ചികഞ്ഞ് നടക്കുന്ന പരിതാപകരമായ അവസ്ഥയിലാണ് കാണപ്പെടുന്നത്.

ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഹാനോക്ക് സാധാരണ മനുഷ്യരെപ്പോലെ ഭാര്യയോടും മക്കളോടും ഒപ്പം കുടുംബത്തിൽ പാർത്ത വ്യക്തിയായിരുന്നു. ഈ ലോകത്തിലെ ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റി സാധാരണ മനുഷ്യനായി ജീവിക്കുമ്പോൾ തന്നെ ദൈവത്തോടുകൂടെ നടക്കുവാൻ സാധിക്കും എന്നതിന് ഉത്തമ ഉദാഹരണമാണ് ഹാനോക്ക്. ഉയരത്തിലുള്ളതിനെക്കുറിച്ചുള്ള ചിന്തയാണ് തന്നെ ദൈവത്തോടുകൂടെ നടക്കുവാൻ പ്രേരിപ്പിച്ചത് എന്ന് കരുതുന്നതിൽ തെറ്റില്ല. കാണുന്നത് താല്ക്കാലികം കാണാത്തതോ നിത്യം എന്ന ചിന്ത താൻ ഉൾക്കൊണ്ടു എന്ന് കരുതാം. സ്വർഗ്ഗീയ കണ്ണാടിയിലൂടെ ഈ ഭൂമിയെ നോക്കുന്ന ഒരു വ്യക്തിക്ക് ഭൂമിയും അതിലുള്ളതും ചെറുതായും ഉയരത്തിലുള്ളത് കൂടുതൽ ചിന്തിക്കുന്ന ദൈവപൈതലിന് സ്വർഗ്ഗവുമായുള്ള അടുപ്പവും ആകർഷണവും വർദ്ധിച്ചു കൊണ്ടിരിക്കും. എല്ലാവരും നല്ലതിനെ തിരഞ്ഞെടുക്കുമ്പോൾ അധികം നല്ലതിനെ തിരഞ്ഞെടുക്കുന്നവനാണ് ഭക്തർ. നല്ലതും അധികം നല്ലതും തിരഞ്ഞെടുപ്പിൻ വിഷയമാക്കുമ്പോൾ നാം ഏതിനെ അംഗീകരിക്കും? അധികം നല്ലതിനെ സ്വീകരിച്ചവരാണ് വിശ്വാസവീരന്മാർ. സുഖസമ്പന്നതയിൽ കഴിഞ്ഞ അബ്രഹാം ദൈവവിളി കേട്ടപ്പോൾ, ആ ശബ്ദത്തിന് പിന്നിൽ അധികം നല്ലത് കണ്ടതുകൊണ്ടാണ് ആ തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചത്. ദൈവപുരുഷനായ മോശെ ഫറവോന്റെ പുത്രിയുടെ മകൻ എന്ന് വിളിക്കപ്പെടുന്നതിനേക്കാൾ ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുക്കുവാൻ കാരണവും ഉയരത്തെക്കുറിച്ചുള്ള ചിന്തയാണ്. അടുത്ത ഫറവോ ആയി രാജ്യത്തെ ഭരിക്കേണ്ട മിസ്രയീമിലുള്ള എല്ലാ നിക്ഷേപങ്ങളുടെയും ഉടമയാകേണ്ട വ്യക്തിയായിരുന്ന മോശെ. ഈ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദയെ വലിയ ധനമായി എണ്ണുവാൻ കാരണം ഉയരത്തിലെ ചിന്ത ഹൃദയത്തെ ഭരിച്ചതുകൊണ്ടാണ്.

**ജഡത്തിന്റെ ചിന്ത ആത്മാവിന്റെ ചിന്തയ്ക്ക് എതിരാണെന്ന് റോമാലേഖനത്തിൽ കാണുന്നു. വാഹനമോടിക്കുന്ന ഡ്രൈവർ മഴയത്ത് തന്റെ വാഹനത്തിന്റെ ഗ്ലാസിൽ വന്നു പതിക്കുന്ന ജലകണങ്ങളെ 'വൈഷർ' ഉപയോഗിച്ച് തുടച്ചു മാറ്റുന്നതുപോലെ ഈ ജീവിതത്തിൽ ഉണ്ടാകുന്ന ജഡീക ചിന്തകളെ മായ്ച്ചുകളഞ്ഞ് ഉയരത്തിലെ ചിന്തയുള്ളവരാകാം.**

ജഡത്തിന്റെ ചിന്ത ആത്മാവിന്റെ ചിന്തയ്ക്ക് എതിരാണെന്ന് റോമാലേഖനത്തിൽ കാണുന്നു. വാഹനമോടിക്കുന്ന ഡ്രൈവർ മഴയത്ത് തന്റെ വാഹനത്തിന്റെ ഗ്ലാസിൽ വന്നു പതിക്കുന്ന ജലകണങ്ങളെ 'വൈപ്പർ' ഉപയോഗിച്ച് തുടച്ചു മാറ്റുന്നതുപോലെ ഈ ജീവിതത്തിൽ ഉണ്ടാകുന്ന ജഡീക ചിന്തകളെ മായ്ച്ചുകളഞ്ഞ് ഉയരത്തിലെ ചിന്തയുള്ളവരാകാം. സ്വർഗ്ഗവുമായുള്ള ബന്ധവും അടുപ്പവും വർദ്ധിപ്പിക്കാം. ലൈക്കസ് നദീതീരം മനോഹരമാണ്. ഇവിടെ ശ്രദ്ധയൂന്നി നിൽക്കുന്ന ഒരു വ്യക്തിക്ക് ഇവിടെ തന്ന് തുടരുവാൻ തോന്നും. എന്നാൽ അവിടെ നിന്നുകൊണ്ട് ഉയരത്തിലേക്ക് നോക്കിയാൽ ഇതിനേക്കാൾ മനോഹരമായ മറ്റൊരു തീരം കാണാം. ചിന്തകളെ ആ ഭൂപ്രദേശത്തൊന്നു മേയാൻ വിട്ടുകൊടുക്കാമോ?





# മലയാളി തലകുനിക്കുന്നു



**പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ**

> ധാർമ്മികത മനുഷ്യനെ പഠിപ്പിക്കേണ്ട പുരോഹിതന്മാർ തുടങ്ങി നാടിന് വേണ്ടി ജീവിതം ഉഴിഞ്ഞ് വച്ച രാഷ്ട്രീയക്കാർ വരെ ധാർമ്മികത കാറ്റിപറത്തി കുറ്റകൃത്യങ്ങൾ ചെയ്യുന്നു. കുറെ നാളുകളായി വാർത്താ മധ്യമങ്ങളിൽ കാണുന്ന വാർത്തകൾ ലോകത്തിന്റെ മുൻപിൽ നമ്മെ തലകുനിപ്പിക്കുന്നവയാണ്.

**ലോ**കത്തിൽ തന്നെ ഏറ്റവും നല്ല സംസ്കാരം ഭാരതത്തിന്റേതാണ്. ആർഷഭാരത സംസ്കാരം ലോകരാജ്യങ്ങളുടെ ആദരം ഏറ്റുവാങ്ങിയതാണ്. ഭാരതത്തിലെ ഏറ്റവും നല്ല സംസ്കാരം കേരള സംസ്കാരമാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന ഈ നമ്മുടെ കൊച്ചു കേരളം പല നല്ല കാര്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. വിദ്യാഭ്യാസത്തിൽ, സാക്ഷരതയിൽ, നല്ല വസ്ത്രധാരണത്തിൽ, ധാർമ്മികതയിൽ, മറ്റുള്ളവരെ ബഹുമാനിക്കുന്നതിൽ നല്ല ബോധമുള്ള ഒരു ജനതയാണ് കേരള ജനത.

എന്നാൽ ഇന്ന് കേരളം മുഴുവനായി മാറിയിരിക്കുന്നു. ധാർമ്മികത തീരെ നഷ്ടപ്പെട്ടിരിക്കുന്നു. അമ്മയെയും പെങ്ങളെയും മകളെയും തിരിച്ചറിയാൻ കഴിയാത്തവരായി കുറെ പേർ, ആത്മഹത്യാ ദിനംപ്രതി വർദ്ധിച്ച് വരുന്നു. മൃഗങ്ങളെ കൊല്ലുന്നത് പോലെ മനുഷ്യനെ വെട്ടി നുറുക്കുന്ന സംഭവങ്ങൾ, അദ്ധ്വാനിച്ച് ജീവിക്കേണ്ടതിന് പകരം വല്ലവരുടെയും കഴുത്തിൽ കിടക്കുന്ന മാലപൊട്ടിക്കുന്ന ജനത. തെരുവു നായ്ക്കൾ കൊണ്ട് നിറയപ്പെട്ട റോഡുകൾ.


ധാർമ്മികത മനുഷ്യനെ പഠിപ്പിക്കേണ്ട പുരോഹിതന്മാർ തുടങ്ങി നാടിന് വേണ്ടി ജീവിതം ഉഴിഞ്ഞ് വച്ച രാഷ്ട്രീയക്കാർ വരെ ധാർമ്മികത കാറ്റിപറത്തി കുറ്റകൃത്യങ്ങൾ ചെയ്യുന്നു. കുറെ നാളുകളായി വാർത്താ മധ്യമങ്ങളിൽ കാണുന്ന വാർത്തകൾ ലോകത്തിന്റെ മുൻപിൽ നമ്മെ തലകുനിപ്പിക്കുന്നവയാണ്. ഒരു കൊച്ചു പെൺകുട്ടിയെ പീഡിപ്പിച്ച പുരോഹിതൻ വാർത്താ ചാനലുകളിൽ തല

യുയർത്തി നടക്കുമ്പോൾ ഓരോ ക്രിസ്ത്യാനിയും ഈ ലോകത്തിന്റെ മുൻപിൽ തലകുനിക്കേണ്ടി വരുന്നു. ജനിച്ച് വീഴുന്ന ചോരകുഞ്ഞിനെ മുതൽ പ്രായഭേദമില്ലാതെ വയസ്സ് ചെന്നവരെ വരെ ഒരു ഉളുപ്പുമില്ലാതെ ലൈംഗീകമായി പീഡിപ്പിക്കുന്ന കാമഭ്രാന്തന്മാരെ കൊണ്ട് കേരളം നിറഞ്ഞിരിക്കുന്നു. ധാർമ്മികതയുടെ പാഠങ്ങൾ എഴുതി പഠിപ്പിക്കുന്ന ഗുരു ദൂതൻ കൊച്ചു പിഞ്ചുകുഞ്ഞുങ്ങളെ പീഡിപ്പിക്കുന്ന ഭൂതങ്ങൾ ആയി മാറിയിരിക്കുന്നു.

ഏതാനും ദിവസങ്ങൾക്കു മുമ്പ് തിരുവനന്തപുരത്ത് കണ്ണംമൂലയിൽ ഒരു വീട്ടിൽ കാവിയുടെ മറവിൽ അമ്മയെയും മകളെയും ഒരു പോലെ വർഷങ്ങളായി പീഡിപ്പിച്ചുകൊണ്ടിരുന്ന കാവി വേഷമിട്ട ഒരു കള്ള സന്യാസി വീരന്റെ ലൈംഗിക അവയവം പീഡനത്തിനിരയായ ആ പെൺകുട്ടി കത്തികൊണ്ട് മുറിച്ചു മാറ്റിയ സംഭവം വാർത്താ മാധ്യമങ്ങൾ ഒരു ആഘോഷമായിട്ടാണ് സംപ്രേക്ഷണം ചെയ്തത്. സാൽവേഷൻ ആർമിയുടെ ഒരു ഉദ്യോഗസ്ഥൻ ഒരു കൊച്ചു പെൺകുട്ടിയെ പീഡിപ്പിച്ചതിന് കോടതി ശിക്ഷ വിധിച്ചപ്പോൾ പെന്തെക്കോസ്തുകാരെ അപമാനിക്കാൻ മാധ്യമങ്ങൾ സാൽവേഷൻ ആർമിയിലെ ഉദ്യോഗസ്ഥർക്ക് ആർക്കും തന്നെ പാസ്റ്റർ എന്ന പദവി ഇല്ലാതെയിരിക്കെ പാസ്റ്റർ പെൺകുട്ടിയെ പീഡിപ്പിച്ചു എന്ന വാർത്തയാണ് മാധ്യമങ്ങൾ പുറത്തു വിട്ടത്. എന്തിന് ഏറെ പറയണം എല്ലാം സഹിക്കാൻ കുറെ പെന്തെക്കോസ്തുകാർ.

സദാചാര പോലീസുകാരുടെ അഴിഞ്ഞാട്ടം അതിലുപരി എന്തിനും തയ്യാകുന്ന കുറെ മനുഷ്യർ. ആഴ്ചകൾക്ക് മുൻപ് കൊച്ചി മറൈൻ ഡ്രൈവിൽ നടന്ന ചുംബന സമരം നാം വാർത്താ മാധ്യമങ്ങളിലൂടെ കണ്ടവരാണ്. ആണുങ്ങളും പെണ്ണുങ്ങളും ഒരു മറയും ഉളുപ്പമില്ലാതെ നടുറോഡിൽ വാർത്താ ചാനലുകളുടെ ക്യാമറാ കണ്ണുകളുടെയും മുൻപിലും ചുംബിക്കുന്ന ദൃശ്യങ്ങൾ ന്യൂസ് ചാനലുകൾ ആഘോഷമാക്കി.

കേരളം എങ്ങോട്ട്? ദൈവമക്കളുടെ ദൗത്യം എന്ത്? നല്ലൊരു നാളെയായിരിക്കേണം. നമ്മുടെ ലക്ഷ്യം നമ്മുടെ നാടിന്റെ മതസൗഹാർദ്ദം സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം നമ്മുടേതാണ്. നല്ല മനസാക്ഷിയു



ള്ള, ധാർമ്മികതയുള്ള, മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുന്ന, മാതാപിതാക്കളെ സംരക്ഷിക്കുന്ന, സ്നേഹിക്കുന്ന, പീഡിതരെയും അശരണരെയും തിരിച്ചറിഞ്ഞ് സഹായ ഹസ്തം നീട്ടുന്ന ഒരു നല്ല തലമുറയെ വാർത്തെടുക്കേണ്ട ദൗത്യം എന്റെയും നിങ്ങളുടെയും ആണ്. എന്നാൽ വളർന്ന വരുന്ന തലമുറ ആരെ മാതൃകയാക്കും. 'മാതാ, പിതാ, ഗുരു ദൈവം' എന്നാണല്ലോ നാം പഠിച്ചത്, മാതാവും പിതാവും ഗുരുവും എല്ലാം പിശാചിന്റെ കയ്യിലെ ആയുധങ്ങളായി, ഒന്നു കൂടി പറഞ്ഞാൽ 'പിശാച്' ആയി മാറിയിരിക്കുന്നു. 'കുറുന്തോട്ടിക്ക് വാതം പിടിക്കുക' 'വേലി തന്നെ വിളവ് തിന്നുക' എന്നത് മലയാളിക്ക് നന്നായി അറിയാവുന്ന പഴഞ്ചൊല്ലുകളാണ്. ഒരു പുരോഹിതന്, പാസ്റ്ററിന്, അദ്ധ്യാപകന് ഒക്കെ സമൂഹം നൽകുന്ന കുറെ സ്വാതന്ത്യം ഉണ്ട് ആ സ്വാതന്ത്ര്യം പാപം ചെയ്യാനുള്ള മറയാക്കരുത്. 'ചത്ത ഈച്ച തൈലക്കാരന്റെ തൈലം മുഴുവൻ നാറുമാറാക്കും' എന്നതാണല്ലോ ബൈബിൾ പറയുന്നത്. ഒന്നോ രണ്ടോ പേർ ചെയ്യുന്ന ഇത്തരം തെറ്റുകൾ അവർ ഉൾപ്പെട്ട് നിൽക്കുന്ന സമൂഹത്തിന് മുഴുവൻ ചീത്തപ്പേര് ഉണ്ടാക്കുന്നു. നമ്മിലുള്ള മറ്റുള്ളവരുടെ വിശ്വാസികത നഷ്ടപ്പെടുത്തുന്നു.

ആയതിനാൽ നമുക്ക് ഉണരാം നാം ആരാണെന്ന് തിരിച്ചറിഞ്ഞ് നാം ആയിരിക്കുന്ന സമൂഹത്തിന് കളങ്കം വരാതിയിരിക്കുവാൻ. സുവിശേഷത്തിന്റെ വാതിൽ നാം കാരണം അടയപ്പെടാതിരിക്കാൻ തീരുമാനമെടുക്കാം. നമ്മിലൂടെ കേരളത്തിന്റെ തലയുയരട്ടെ.






# ഐ.പി.സി സ്റ്റേറ്റ് കൺവൻഷൻ അക്ഷരനഗരിയിൽ

**കുമ്പനാട്:** ഐ.പി.സി ആറാമത് സംസ്ഥാന കൺവൻഷൻ ഡിസംബർ 5-10 വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. നിലമ്പൂർ, തൃശൂർ, പെരുമ്പാവൂർ എന്നിവിടങ്ങളിലാണ് നേരത്തെ സ്റ്റേറ്റ് കൺവൻഷൻ നടന്നത്. ആദ്യമായാണ് മധ്യതിരുവിതാംകൂറിലേക്ക് സ്റ്റേറ്റ് കൺവൻഷൻ എത്തുന്നത്.

ഉപവാസപ്രാർത്ഥന, വിളംബര ജാഥ, യുവജന സമ്മേളനം, സോദരി സമ്മേളനം, മാധ്യമ പ്രവർത്തകരുടെ സംഗമം, ശുശ്രൂഷകന്മാരുടെ സമ്മേളനം, സണ്ടേസ്കൂൾ ടീച്ചേഴ്സ് മീറ്റ്, ജാഗരണ പ്രർത്ഥന എന്നിവ കൺവെൻഷന്റെ ഭാഗമായി നടക്കും. കഴിഞ്ഞ ആഴ്ചയിൽ കോട്ടയം ഐ.പി.സി ടാബർനാക്കിൾ സഭയിൽ നടന്ന കൂടിയാലോചന മീറ്റിംഗിൽ കൺവെൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികളെ തെരെഞ്ഞെടുത്തു.

സംസ്ഥാന പ്രസിഡണ്ട് പാസ്റ്റർ കെ.സി.തോമസിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലി കൺവൻഷന്റെ നടത്തിപ്പിനെക്കുറിച്ച് പ്രസ്താവന നടത്തി. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.എബ്രഹാം, ജോയി തനുവേലിൽ, ഗ്ലാഡ്സൺ ജേക്കബ് എന്നിവർ വിവിധ ചർച്ചാസെഷനുകൾക്ക് നേതൃത്വം നല്കി. തുടർന്ന് കൺവൻഷൻ ഭാരവാഹികളെ തെരെഞ്ഞെടുത്തു.

പാസ്റ്റർ കെ.സി.തോമസ് (ജനറൽ കൺവീനർ), പാസ്റ്റർമാരായ കെ.ഇ. തോമസ്, സണ്ണി ജോർജ്, സഹോദരന്മാരായ ഗ്ലാഡ്സൺ ജേക്കബ്, കുര്യൻ ജോസഫ് (ജനറൽ ജോയിൻറ് കൺവീനർമാർ), പാസ്റ്റർമാരായ പി.എ.മാത്യു, തോമസ് മാത്യു ചാരുവേലി, രാജു ആനിക്കാട്, വർഗീസ് മാത്യു (ജനറൽ കോർഡിനേറ്റേഴ്സ്), പാസ്റ്റർമാരായ മാത്യു ഡേവിഡ്, സുരേഷ് കീഴൂർ, സുനിൽ വേട്ടമല, ടി.സി. കോശി, എം.വി.തോമസ് (ജന.ജോയിന്റ് കോർഡിനേറ്റേഴ്സ്)

*പ്രാർത്ഥന:* പാസ്റ്റർമാരായ സുധീർ വർഗീസ് (ചെയർമാൻ) വി.സി.മാത്യു (വൈസ് ചെയർമാൻ) കെ.ജെ. മാത്യു തരകൻ (കൺവീനർ), വി.വി. ജോസഫ്, കെ.യു. ജോൺ (ജോയിന്റ് കൺവീനർമാർ)

*മ്യൂസിക്:* പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ (ചെയർമാൻ), കെ.ടി.ജോഷ്വാ (വൈസ് ചെയർമാൻ), കുര്യൻ ജോസഫ് (കൺവീനർ), ഷാജൻ പാറക്കടവിൽ, പാസ്റ്റർ ജോമോൻ മാത്യു (ജോ.കൺവീനർമാർ), രജിസ്ട്രേഷൻ: പാസ്റ്റർ ബെൻസൺ തോമസ് (ചെയർമാൻ), ബ്രദർ ജോസ് ജോൺ കായംകുളം (വൈസ് ചെയർമാൻ) ബ്രദർ ജോൺ ഫിലിപ്പ് (കൺവീനർ), പാസ്റ്റർമാരായ ജിനു മാത്യു, സി.സി. ജോണി (ജോ. കൺവീനർമാർ),

*പന്തൽ:* രാജു മാത്യു ഗുഡ് ന്യൂസ് (ചെയർമാൻ), ജി.സാബു എറണാകുളം (വൈസ് ചെയർമാൻ ), ജോസഫ് .കെ.കുര്യാക്കോസ് (കൺവീനർ), സാം കുര്യൻ, പാസ്റ്റർ ടിജോ ജോർജ്, പാസ്റ്റർ കെ.കെ.സക്കറിയ (ജോ. കൺവീനർമാർ), ഫുഡ്: പാസ്റ്റർ ഏബ്രഹാം ജോർജ് ആലപ്പുഴ (ചെയർമാൻ), പാസ്റ്റർ സുനിൽ വേട്ടമല (വൈസ് ചെയർമാൻ), പാസ്റ്റർ എം.ജെ.ബേബി (കൺവീനർ ), സഹോദരന്മാരായ ജെയിംസ് മാത്യു, ജോർജ് കെ.ജോർജ്ജ് (ജോ.കൺവീനർമാർ)

പബ്ളിസിറ്റി: പാസ്റ്റർമാരായ സണ്ണി ഏബ്രഹാം ( ചെയർമാൻ), സാംകുട്ടി ചാക്കോ (വൈസ് ചെയർമാൻ) സിജിൻ വർഗീസ് (കൺവീനർ), പാസ്റ്റർ പി.വി.ഉമ്മൻ, സന്തോഷ് ആൻഡ്രൂസ്, വി.കെ.സാബു (ജോ. കൺവീനർമാർ), മീഡിയ: സജി മത്തായി കാതേട്ട് (ചെയർമാൻ), വെസ്ളി പി.ഏബ്രഹാം ആലപ്പുഴ (വൈസ് ചെയർമാൻ ), ഷെറിൻ ജേക്കബ് കാഹളം (കൺവീനർ), പീറ്റർ ജയിംസ്, സാംകുട്ടി കെ.തോമസ് (ജോ. കൺവീനർമാർ), ലൈറ്റ്& സൗണ്ട്: തോമസ് ഫിന്നി(ചെയർമാൻ ), ഷാജി വളഞ്ഞവട്ടം (വൈസ് ചെയർമാൻ ), പാസ്റ്റർമാരായ ഷാജി പി.മാത്യു (കൺവീനർ), ഫിലിപ്പ് കുര്യാക്കോസ്, ഷാൻസ് ബേബി, എം.സി.ഏബ്രഹാം (ജോ. കൺവീനർമാർ), അക്കോമഡേഷൻ: പാസ്റ്റർ ജോൺ റിച്ചാർഡ് (ചെയർമാൻ), ജോസ് ജോൺ (വൈസ് ചെയർമാൻ), പാസ്റ്റർമാരായ എം.സി.ഐപ്പ് (കൺവീനർ), ജയിംസ് കെ.തോമസ്, ഷിനോ ജോർജ് (ജോ. കൺവീനർമാർ), വിജിലൻസ് & പാർക്കിംഗ്: പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ (ചെയർമാൻ),

k൦tbm³ Imlfw

സഭയുടെ ഔദ്യോഗിക മാസിക
വായിക്കുക.... വരിക്കാരാവുക....

സീയോൻ കാഹളം പരസ്യനിരക്കുകൾ

| ഇന്ത്യയിൽ | വിദേശത്ത് |
|---|---|
| Back Cover Colour - Rs. 12000 | Back Cover Colour - $ 300 |
| Inside Colour -Rs. 10000 | Inside Colour - $ 250 |
| Full page B/W - Rs. 6000 | Full page B/W - $ 200 |
| Half Page B/W -Rs. 3000 | Half Page B/W - $ 150 |

Address: Chief Editor, Zion Kahalam, Hebron, Kumbanad - 689 547, Kerala, India
9446115927 / 9447329000 / 9447273013

# സൗജന്യ വൃക്കരോഗ നിർണ്ണയ ക്യാമ്പും ബോധവത്ക്കരണ സെമിനാറും




വൃക്കരോഗ നിർണ്ണയ ക്യാമ്പ് വീണാ ജോർജ് എം.എൽ.എ ഉത്ഘാടനം ചെയ്യുന്നു

**ആറന്മുള:** പി.വൈ.പി.എ (പെന്തെക്കോസ്ത് യുവജന സംഘടന) കുമ്പനാട് ഡിസ്ട്രിക്റ്റും, കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടേയും സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ 15 ശനിയാഴ്ച ആറൻമുള ശാലേം സഭയിൽ വച്ചു നടത്തിയ ക്യാമ്പ് ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. സെന്റർ പ്രസിഡന്റ് ബ്രദർ ജസ്റ്റിൻ നെടുവേലിൽ അദ്ധ്യക്ഷത വഹിച്ചു. ആറന്മുള എം.എൽ.എ വീണാ ജോർജ് ഉത്ഘാടനം നിർവഹിച്ചു.

സാമൂഹികപ്രതിബദ്ധതയോടെ ഇത്തരം സേവനങ്ങൾ ചെയ്യുവാൻ പെന്തക്കോസ്തു യുവജനസംഘടനയ്ക്ക് ഇനിയും കഴിയട്ടെ എന്നിവർ ആശംസിച്ചു.

സെന്റർ അസോ.മിനിസ്റ്റർ പാസ്റ്റർ റ്റി.ജെ.ഏബ്രഹാം ആറൻമുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഐഷ പുരുഷോത്തമൻ, വാർഡ് മെമ്പർ ശിവാനന്ദൻ എന്നിവർ ആശംസകൾ അറിയിച്ചു. ആധുനിക സൗകര്യങ്ങളോടു കൂടിയ മൊബൈൽ ലാബിൽ ജനങ്ങളെ സ്ക്രീനിംഗിനു വിധേയരാക്കി വൃക്കരോഗത്തിന് ആരംഭമുണ്ടോ എന്ന് കണ്ടുപിടിക്കുകയും, ബോധവൽക്കരണം നടത്തുകയുമായിരുന്നു ക്യാമ്പിലൂടെ ചെയ്തത്. 160 ലധികം പേർ പേര് രജിസ്റ്റർ ചെയ്ത് പരിശോധനയ്ക്കു വിധേയരായി.

സെന്റർ സെക്രട്ടറി പാസ്റ്റർ അനിയൻകുഞ്ഞ് ചേടിയത്ത് സ്വാഗതവും, പാസ്റ്റർ ജെയ്സൺ സാം കൃതജ്ഞതയും അറിയിച്ചു. പാസ്റ്റർ ഏബ്രഹാം വർഗ്ഗീസ്, കാലേബ് ജി ജോർജ്ജ്, നെവിൻ മങ്ങാട്ട്, റെയ്സൺ പി. ഏബ്രഹാം, റ്റിജിൻ സി. തങ്കച്ചൻ, ജിനോയി ജോൺ, ജോബിൻ റ്റി.തോമസ്, സുനിൽ പൂപ്പള്ളിൽ എന്നിവർ നേതൃത്വം നൽകി.

## ആലപ്പുഴ ജില്ലാ ഭാരവാഹികൾ

**ആലപ്പുഴ:** ഐ.പി.സി. ആലപ്പുഴ ജില്ലാ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ്: പാസ്റ്റർ എം.വി.വർഗീസ്, ആലപ്പുഴ ഈസ്റ്റ്, വൈസ് പ്രസിഡന്റ്: പാസ്റ്റർ തോമസ് ഫിലിപ്പ്, മാവേലിക്കര ഈസ്റ്റ്, പാസ്റ്റർ ജെക്കബ് ജോണ്, ചെങ്ങന്നൂർ, പാസ്റ്റർ ജോണ് കെ മാത്യു, മാവേലിക്കര വെസ്റ്റ്, പാസ്റ്റർ ബി. മോനച്ചെൻ, ആലപ്പുഴ ഈസ്റ്റ്, പാസ്റ്റർ വി ജി തോമസ്ക്കുട്ടി, കുട്ടനാട്. സെക്രട്ടറി: പാസ്റ്റർ ഏബ്രഹാം ജോർജ്, ആലപ്പുഴ വെസ്റ്റ്, ജോയിന്റ് സെക്രട്ടറി: പാസ്റ്റർ പി.ഇ. ജോർജ്, നൂറനാട്, പാസ്റ്റർ ജോൺസൺ ഏബ്രഹാം, മാവേലിക്കര വെസ്റ്റ്, ഷാജി വളഞ്ഞവട്ടം, ചെങ്ങന്നൂർ, ട്രഷറർ: ജസ്റ്റിൻ രാജ്, മാവേലിക്കര ഈസ്റ്റ്, പബ്ലിസിറ്റി കൺവീനർസ്: എം.വി. ഫിലിപ്പ്, ആലപ്പുഴ ഈസ്റ്റ്, വെസ്ലി പി.ഏബ്രഹാം, ആലപ്പുഴ വെസ്റ്റ്.

## താപ്പി കൺവൻഷനും ഏരിയാ ഉദ്ഘാടനവും

**ഗുജറാത്ത്:** താപ്പി, ഐ.പി.സി.താപ്പി ഏരിയായുടെ ഉദ്ഘാടനവും താപ്പി കൺവൻഷനും മെയ് 12-14 വരെ നടന്നു. ഏരിയാ ഉദ്ഘാടനം സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി.എ.ജോർജ് നിർവ്വഹിച്ചു. സുരേഷ് ബാബു മുഖ്യപ്രസംഗകനായിരുന്നു. പാസ്റ്റർ ജേക്കബ് ഫിലിപ്പ് നേതൃത്വം നൽകി. ഏരിയായ്ക്ക് 33 സഭകളും ശുശ്രൂഷകരുമുണ്ട്.

## ഫുൾ എ+ ലഭിച്ചവർ

### സ്പെൻഡാ ലാൽ




**കൊടക്കൽ:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ കൊടക്കൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ മാത്യു ലാലിന്റെയും ബിന്ദു ലാലിന്റെയും മൂത്ത മകൾ സ്പെൻഡാ ലാലിന് ഈ വർഷത്തെ +2 പരീക്ഷക്ക് എല്ലാ വിഷയത്തിനും എ+ ലഭിച്ചു.

### ജെസ്‌ലിൻ പി. രാജു



**തിരുവല്ല:** കേരളാ സ്റ്റേറ്റ് എസ്.എസ്.എൽ.സി. പരീക്ഷയിൽ 99% മാർക്കോടെ വിജയം. തിരുവല്ല ഐ.പി.സി. പ്രയർ സെന്റർ സഭാംഗവും ബാലികാമഠം ഹൈസ്കൂൾ വിദ്യാർത്ഥിനിയുമായ ജെസ്‌ലിൻ പി.രാജുവാണ് മികച്ച വിജയം കരസ്ഥമാക്കിയത്. രാജു പൗലോസ്-അച്ചാമ്മ ദമ്പതികളുടെ മകളുമാണ്.

### ഷെൽമ സി. സാജൻ



**കുന്നംകുളം:** ഐ.പി.സി.കർമ്മേൽ മരത്തെകോട് (കുന്നംകുളം സെന്റർ) സഭാംഗവും ഡോ. സാജൻ സി. ജേക്കബിന്റെ മകളുമായ ഷെൽമ സി.സാജൻ +2 പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും 97.3% മാർക്കോടെ എ+ നേടി. കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ വിദ്യാർത്ഥിനിയാണ്. കഴിഞ്ഞ യുവജനോത്സവത്തിൽ മൈമിനും ഇംഗ്ലീഷ് സ്കിറ്റിനും ഉപജില്ല ഒന്നാം സ്ഥാനവും, സംസ്ഥാന യുവജനോത്സവത്തിൽ എ ഗ്രേഡ് ഉൾപ്പെട്ട മൂന്നാം സ്ഥാനവും നേടി. സാജൻ സി.ജേക്കബ് പാലക്കാട് ജില്ലയിലെ പുതുക്കോട് ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കായി സേവനം ചെയ്തു വരുന്നു. സീന സാജനാണ് മാതാവ്.

# ഐ.പി.സി. നവീകരിച്ച ഐ.ഡി.കാർഡ് വിതരണം ആരംഭിച്ചു



**കുമ്പനാട്:** ഐ.പി.സി.കേരളാ സ്റ്റേറ്റ് നവീകരിച്ച ഐ.ഡി.കാർഡുകളുടെ വിതരണം ആരംഭിച്ചു. കൗൺസിൽ മീറ്റിംഗിനോടനുബന്ധിച്ച് മെയ് 9-ന് കുമ്പനാട്ട് നടന്ന ചടങ്ങിൽ കാർഡ് വിതരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം പ്രസിഡന്റ് നിർവ്വഹിച്ചു. പ്രഥമ കാർഡ് പാസ്റ്റർ ഷിബു നെടുവേലിയിൽ നിന്ന് പാസ്റ്റർ കെ.സി.തോമസ് ഏറ്റുവാങ്ങി. സെന്റർ ശുശ്രൂഷകന്മാർക്കുള്ള പ്രഥമ കാർഡ് ആലപ്പുഴ ഈസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ് ഏറ്റുവാങ്ങി.

പരിഷ്ക്കരിച്ച വിവിധോദ്ദേശ ഐ.ഡി.കാർഡുകൾക്ക് വേണ്ടി എല്ലാ ശുശ്രൂഷകന്മാരും അതാത് സെന്ററുകൾ വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പണം പുരോഗമിക്കുന്നതായി സെക്രട്ടറി അറിയിച്ചു. ബാർകോർഡിംഗുള്ള പുതിയ കാർഡുകൾ ശുശ്രൂഷകന്മാരെ സംബന്ധിച്ച കേന്ദ്രീകൃത കമ്പ്യൂട്ടർ പ്രോഗ്രാമുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇനി മുതൽ ശുശ്രൂഷക മീറ്റിംഗ്, ഇലക്ഷൻ പോലെയുള്ള സന്ദർഭങ്ങളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുന്നതിനും മറ്റും കാർഡ് ഉപയോഗിക്കും. ശുശ്രൂഷകന്മാരുടെ ഡാറ്റാബേസ് അപ്ഡേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഇനിയും ഫോമുകൾ നൽകിയിട്ടില്ലാത്ത സെന്ററുകൾ എത്രയും വേഗം ഫോമുകൾ നൽകണമെന്ന് സെക്രട്ടറി അറിയിച്ചു. നേരത്തെ ഐ.പി.സി. ശുശ്രൂഷകന്മാരായവരിൽ പത്താം ക്ലാസ് പാസ്സായിട്ടില്ലാത്തവർക്ക് നിലവിൽ ഐ.ഡി.കാർഡുണ്ടെങ്കിൽ നവീകരിച്ച കാർഡുകൾ ലഭിക്കുന്നതിന് തടസ്സമില്ല. പുതുതായി ശുശ്രൂഷകരാകുവാൻ ഭരണഘടന പ്രകാരമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ പത്താംക്ലാസ് പാസ്സായിരിക്കണം.

## സെന്റർ ഭാരവാഹികൾ

**ചിറയിൻകീഴ്:** ഐ.പി.സി ചിറയിൻകീഴ് സെന്റർ ഭാരവാഹികളായി പാസ്റ്റർ പി.ജെ.ഡാനിയേൽ (പ്രസിഡന്റ്) പാസ്റ്റർ കെ.ജോൺ (വൈസ് പ്രസിഡന്റ്), പാസ്റ്റർ വർഗ്ഗീസ് തരകൻ (സെക്രട്ടറി) പാസ്റ്റർ പി.റ്റി.ഏബ്രഹാം (ജോ.സെക്രട്ടറി) ബ്ര.ബിജുരാജ് (ട്രഷറർ) ഇവാ.ഷിബു റ്റി.എ (പബ്ലിസിറ്റി കൺവീനർ) പാസ്റ്റർ വർഗ്ഗീസ് തരകൻ (ഇവാഞ്ചലിസം കൺവീനർ) ഇവാ. ജപമണി പീറ്റർ (പ്രയർ കൺവീനർ) ഇവാ. സാബു തോമസ്, സഹോദരന്മാരായ ദാമു, ജോൺ, സെബാസ്റ്റ്യൻ, കൊച്ചുകൃഷ്ണൻ, സോമൻ തുടങ്ങിയവരെ കമ്മറ്റി അംഗങ്ങളായും തെരഞ്ഞെടുത്തു.

**നെടുമങ്ങാട്:** ഐ.പി.സി. നെടുമങ്ങാട് ഏരിയ ഭാരവാഹികളായി പാസ്റ്റർ ജെയിംസ് ശാമുവേൽ (പ്രസിഡന്റ്), പാസ്റ്റർ സത്യകുമാർ (വൈ.പ്രസിഡന്റ്), ഇവാ. ജ്ഞാനദാസ് (സെക്രട്ടറി), ഇവാ. ഷൈജു വെള്ളനാട് (ജോ. സെക്രട്ടറി), ഇവാ. മനോഹരൻ (ട്രഷറർ), ഇവാ. സാബു ജോസഫ് (പബ്ലിസിറ്റി) എന്നിവരെയും ഇവാ. ജോൺറോസ്, ഇവാ. റജിത്ത് ബാൾഡ്, ഷെറിൻ എസ് എന്നിവരെ കമ്മിറ്റി അംഗങ്ങളായും ഇവാ. ഷൈജു വെള്ളനാടിനെ ഇവാഞ്ചലിസം ബോർഡ് കൺവീനറായും തിരഞ്ഞെടുത്തു.

# പ്രവർത്തനോദ്ഘാടനവും സംഗീത ശുശ്രൂഷയും




**റാന്നി:** പെന്തെക്കോസ്ത് യുവജന സംഘടന (പി.വൈ.പി.എ) പത്തനംതിട്ട മേഖലയുടെ പുതിയ പ്രവർത്തനവർഷത്തെ പരിപാടികളുടെ ഉദ്ഘാടനം 2017 മെയ് 28ന് റാന്നി ഐ.പി.സി. ബഥേൽ ടൗൺ ചർച്ചിൽ നടന്നു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ബെൻസൺ തോമസ് അദ്ധ്യക്ഷത വഹിച്ചു.

സ്റ്റേറ്റ് പി.വൈ.പി.എ. പ്രസിഡന്റ് ബ്രദർ സുധി കല്ലുങ്കൽ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ അനുഗ്രഹപ്രാർത്ഥന നടത്തി. പാസ്റ്റർ രാജു മേത്രയിൽ മുഖ്യസന്ദേശം നൽകി. ജസ്റ്റിൻ നെടുവേലിൽ, പാസ്റ്റർ സജി ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. ഡോ. ബ്ലസ്സൻ മേമന, ലോർഡ്സൻ ആന്റണി എന്നിവർ ഗാനങ്ങൾ ആലപിച്ചു. പാസ്റ്റർ ടിജു ചാക്കോ, പാസ്റ്റർ ബിനു കൊന്നപ്പാറ, ജോസി പ്ലാത്താനത്ത്, സന്തോഷ് മേമന, ജിൻസൺ ജോഷ്വാ എന്നിവർ നേതൃത്വം നൽകി.

# പാസ്റ്റർ കെ.സി.ജോണിനെ ആദരിച്ചു



*ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോണിനെ അനുമോദിച്ചുള്ള സമ്മേളനം തിരുവല്ല നഗരസഭ സ്റ്റേഡിയത്തിൽ ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യുന്നു.*

തിരുവല്ല: പ്രഭാഷണ വേദിയിൽ 50 വർഷം പിന്നിട്ട ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ.കെ.സി.ജോണിന് തിരുവല്ലയുടെ ആദരം. ഐ.പി.സി.തിരുവല്ല സെന്റർ കൺവൻഷ നോടനുബന്ധിച്ച് തിരുവല്ല നഗരസഭ സ്റ്റേഡിയത്തിൽ നടന്ന അനുമോദന സമ്മേളനം ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്തു. ആരും കടന്നുപോകാത്ത തലത്തിൽ വിശ്വാസ യാത്ര നടത്തുമ്പോഴാണ് ആത്മീയ വഴിയിൽ വേറിട്ട വ്യക്തിത്വമായി മാറുന്നതെന്ന് ആന്റോ ആന്റണി പറഞ്ഞു. പാസ്റ്റർ കെ.സി.ജോണിനെ അത്തരത്തിൽ വ്യത്യസ്തനാക്കുന്ന തായി അദ്ദേഹം തുടർന്ന് പറഞ്ഞു.

1976 മെയ് മാസത്തിൽ പത്തനംതിട്ടക്കടുത്ത് മണ്ണാറക്കുളഞ്ഞിയിൽ തുടങ്ങിയ സുവിശേഷ പ്രഭാഷണം ഇന്നും തുടരുമ്പോൾ ലോകത്തിന്റെ ഏഴ് വൻകരകളിലും സുവിശേഷത്തിന്റെ സാക്ഷിയായതാണ് തന്റെ ജീവിതം. കുട്ടനാട്ടിലെ തലവടി യെന്ന കൊച്ചുഗ്രാമത്തിൽ ഇടയത്ര ഭവനത്തിൽ ജനിച്ച് വളർന്ന് അമേരിക്കയിലെ സിയാറ്റിനിൽ വേദപഠനം പൂർത്തിയാക്കിയ ശേഷം നെടുമ്പ്രത്ത് ഐ.പി.സി. ഗോസ്പൽ സെന്റർ എന്ന സഭയ്ക്ക് തുടക്കം കുറിച്ചു. ലോകമെങ്ങുമുള്ള മലയാളികൾക്ക് പുത്തൻ ദൃശ്യാവിഷ്കാരമൊരുക്കി പവർ വിഷൻ എന്ന ചാനലിനും 12 വർഷം മുൻപ് തുടക്കമായി. പാസ്റ്റർ രാജു പൂവക്കാല അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പത്രപ്രവർത്തകനായ ജോജി ഐപ്പ് മാത്യൂസ് എഴുതി പ്രസിദ്ധീകരിച്ച കെ.സി.ജോൺ – പ്രഭാഷണകൃപയുടെ സുവർണ്ണ ജ്വാല എന്ന പുസ്തകത്തിന്റെ പ്രകാശനം നഗരസഭാധ്യക്ഷൻ കെ.വി.വർഗീസ്, പാസ്റ്റർ പി.വി.ഐസക്കിന് നൽകി നിർവഹിച്ചു.

## ഫാമിലി കൗൺസിലിംഗ്

**മുണ്ടക്കയം:** ഐ.പി.സി മുണ്ടക്കയം സെന്റർ സോദരീ സമാജത്തിന്റെ നേതൃത്വത്തിൽ ജനുവരി 28 ന് റാണി ഓഡിറ്റോറിയത്തിൽ ഫാലിമി കൗൺസിലിംഗ് നടത്തി. സിസ്റ്റർ ഗിരിജാ സാം, പാസ്റ്റർ രാജൻ ജെ. ആഷേർ എന്നിവർ ക്ലാസുകൾ എടുത്തു. പാസ്റ്റർ സുനിൽ വേട്ടമല അദ്ധ്യക്ഷത വഹിച്ചു. സിസ്റ്റർ അമ്മിണി ദേവസ്വാ (സോണൽ സെക്രട്ടറി ) ഉദ്ഘാടനം ചെയ്തു. സി.ഒമേഗാ സുനിൽ, സുധ ശേഖർ എന്നിവർ നേതൃത്വം നൽകി.

## കേരള സ്റ്റേറ്റ് എഡ്യുക്കേഷൻ സ്കോളർഷിപ്പ്

**കുമ്പനാട്:** ഐ.പി.സി. കേരള സ്റ്റേറ്റിന്റെ കീഴിലുള്ള സഭകളിൽ നന്നായി പഠിച്ച് ഉയർന്ന മാർക്കുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകി ആദരിക്കുന്നു. കേരളത്തിലുള്ള എല്ലാ സഭകളെയും അറിയിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ പത്താം ക്ലാസ് വിദ്യാർത്ഥികൾക്കും ഹയർ സെക്കന്ററി ലെവലിൽ ഫുൾ എ പ്ലസ്/ എ വൺ നേടിയ വിദ്യാർത്ഥികൾക്കും 5000 (പത്താം ക്ലാസ്), 10000 (പ്ലസ് ടു) വീതം നൽകുന്നു. ജൂൺ 13-ാം തീയതി മാരാമൺ റിട്രീറ്റ് സെന്ററിൽ നടക്കുന്ന സെന്റർ ശുശ്രൂഷകന്മാരുടെയും എക്സിക്യുട്ടീവ്സ്മാരുടെയും യോഗത്തിൽ ഇവ നൽകുന്നതാണ്. അടുത്ത അദ്ധ്യായന വർഷവും മെറിറ്റ് സ്കോളർഷിപ്പും വിദ്യാഭ്യാസ സഹായവും നൽകുന്നതാണ്. സ്കോളർഷിപ്പുകൾ സ്പോൺസർ ചെയ്തിരിക്കുന്നത് ബ്രദർ ജോയി താനുവേലിയും കുടുംബവുമാണ്.

## പി.ജി. കോഴ്സുകൾ ആരംഭിച്ചു

**കുമ്പനാട്:** മെയ് 29 ന് ഐ.പി.സി ഹെബ്രോൻ കേരള സ്റ്റേറ്റ് പി.ജി കോഴ്സുകൾ ആരംഭിച്ചു. പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കൗൺസിൽ അംഗങ്ങളും ചില സെന്റർ പാസ്റ്റേഴ്സും സംബന്ധിച്ച യോഗത്തിൽ വച്ച് പി.ജി. കോഴ്സുകൾ ആരംഭിച്ചു. ഐ.പി.സി. കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ പൊതുവായ പ്രസ്താവന അറിയിക്കുകയും പാസ്റ്റർ ജെയിംസ് ജോർജ് സ്വാഗതം പറയുകയും മുഖ്യസന്ദേശം ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ നിർവ്വഹിക്കുകയും ചെയ്തു. പാസ്റ്റർ പി.എ. മാത്യു, പാസ്റ്റർ വിൽസൺ ജോസഫ്, ബ്രദർ ജോയി താനവേലിൽ എന്നിവർ ആശംസകളറിയിക്കുകയും പാസ്റ്റർ ജോസ് കെ. ഏബ്രഹാം നന്ദി അറിയിച്ചു. കേരള സ്റ്റേറ്റിന്റെ പരിപൂർണ്ണ ചുമതലയിൽ നടത്തുന്ന പരിശീലന കോഴ്സിന്റെ ആദ്യ ബാച്ചിൽ 39 വിദ്യാർത്ഥികൾ പഠിക്കുന്നു. നാലു മാസ കാലാവധി വരുന്ന കോഴ്സുകളാണ് ആരംഭിച്ചത്. പത്താം ക്ലാസ്സ് പാസ്സായവർക്കും ഐ.പി.സി അംഗീകൃത ബൈബിൾ കോളേജിൽ മൂന്ന് വർഷം പഠിച്ച് വിജയിച്ചവർക്ക് മാത്രമാണ് പ്രവേശനം നൽകിയിരിക്കുന്നത്. പ്രവേശനത്തിന് പ്രത്യേക പ്രവേശനപരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തത്. പ്രധാനമായും പഠനവിഷയമാക്കുന്നത് ഐ.പി.സി അംഗീകരിച്ച ശുശ്രൂഷാ പാഠ്യപദ്ധതി ആയിരിക്കും. കൂടാതെ സഭയിൽ എങ്ങനെ പ്രവർത്തിക്കണം, സാമ്പത്തിക കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം ഇവയും ഐ.പി.സി പ്രസ്ഥാനത്തിന്റെ ചരിത്രവും സവിശേഷതകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

# കുമ്പനാടിന്റെ ശില്പി ഓർമ്മയായി



കുവൈറ്റ് പ്രവാസിമലയാളികളിലെ പൗരപ്രമുഖനും, വ്യവസായിയും ആയിരുന്ന എം.മാത്യുസിനു ആയിരങ്ങളുടെ യാത്രാമൊഴി. മെയ് 20 നു കുവൈറ്റിലുള്ള സ്വവസതിയിൽ വെച്ച് വാർദ്ധക്യസഹജമായ രോഗബാധമൂലം നിര്യാതനായ ഇദ്ദേഹത്തിനു 81 വയസ്സായിരുന്നു. 1956 ൽ മലയാളക്കരയിൽ നിന്നും കുവൈറ്റിലേക്ക് കുടിയേറി പാർത്ത ഇദ്ദേഹം രാജ്യത്തെ പ്രമുഖ ആട്ടോമൊബൈയിൽ കമ്പനിയായ അൽസായർ ഗ്രൂപ്പിന്റെ വളർച്ചയിൽ സുപ്രധാന പങ്ക് വഹിച്ചു.

1989 ൽ ഈ സ്ഥാപനത്തിൽ നിന്നും ഔദ്യോഗികമായി വിരമിച്ചുവെങ്കിലും, ഇദ്ദേഹത്തെ ടൊയൊട്ട സണ്ണി എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്നു. 1990 ൽ അപ്രതീക്ഷിതമായി ഇറാക്ക് കുവൈറ്റ് പ്രവിശ്യമായ പിടിച്ചടക്കിയപ്പോൾ നിരായുധരാക്കപ്പെട്ട കുവൈറ്റഗവൺമെന്റോ, ഭാരതസർക്കാരോ അന്യനാട്ടിൽ കുടുങ്ങിപ്പോയ പ്രവാസികളുടെ രക്ഷയ്ക്കായി എത്താതെയിരുന്നപ്പോൾ ഒരു ലക്ഷത്തി എഴുപതിനായിരം വരുന്ന ഭാരതീയരെ സുരക്ഷിതസ്ഥാനത്ത് എത്തിക്കുക എന്ന ദുഷ്കരമായ ദൗത്യം സ്വയം ഏറ്റെടുത്ത വ്യക്തിത്തമായിരുന്നു ഇദ്ദേഹത്തിന്റേത്. ഇദ്ദേഹത്തിന്റെ സമയോചിതമായ ഈ സാമൂഹ്യപ്രവർത്തനത്തെ കേരളവും ലോകമെമ്പാടുമുള്ള സമൂഹവും നന്ദിപുരസരം ഓർത്തു. ഒരു സാമൂഹികപ്രവർത്തകൻ എന്നതുപോലെ ആത്മീകകാര്യങ്ങളിലും ഇദ്ദേഹം ഏറെ ശ്രദ്ധ പതിപ്പിച്ചിരുന്നു എന്നതിനു തെളിവാണു കുവൈറ്റിലെ ആദ്യ മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ സ്ഥാപനത്തിന്റെ തുടക്കത്തിനു താൻ വഹിച്ച പങ്ക്.

ഇദ്ദേഹത്തിന്റെ ഭൗതീകശരീരം മെയ് 24 ബുധനാഴ്ച കുവൈറ്റ് നാഷണൽ ഇവാഞ്ചലിക്കൽ ചർച്ച് കോംപ്ലക്സിൽ പൊതുദർശനത്തിനു വയ്ക്കുകയും, സഹപ്രവർത്തകരും, കുവൈറ്റ് ഗവൺമെന്റിലെ പൗരപ്രമുഖരും പങ്കെടുത്തു ആദരാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് സ്വന്ത നാടായകേരളത്തിൽ മൃതശരീരം എത്തിക്കുകയും കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റൽ മോർച്ചറിയിൽ ശവശരീരം സൂക്ഷിച്ചിരുന്നു. മെയ് 26 വെള്ളിയാഴ്ച രാവിലെ ഹോസ്പിറ്റൽ ചാപ്പലിൽ ആരംഭിച്ച പ്രാർത്ഥനാശുശ്രൂഷകൾക്ക് അഭിവന്ദ്യ ഡോ.ജോസഫ്മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി നയിച്ചു. തുടർന്ന് സ്വന്തഭവനത്തിൽ നടന്ന സംസ്കാരശുശ്രൂഷകളിൽ സമൂഹത്തിന്റെ നാനാതുറകളിൽ നിന്നുള്ളവർ അന്തിമോപചാരം അർപ്പിക്കുന്നതിനു എത്തി. സ്വഭവനത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ ആത്മീക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലയിൽ നിന്നും നിരവധിപേർ യാത്രാമൊഴി നേരുവാൻ എത്തിയിരുന്നു.

രാജ്യസഭ ഉപദ്ധ്യക്ഷൻ പി.ജെ.കുര്യൻ, കേരള സംസ്ഥാന ഗതാഗത വകുപ്പ് മന്ത്രി തോമസ് ചാണ്ടി, ജലസേചനവകുപ്പ് മന്ത്രി മാത്യു ടി.തോമസ്, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, പത്തനംതിട്ട എം.പി. ആന്റോ ആന്റണി, കേരള നിയമസഭ സാമാജികാരയെ വീണ ജോർജ്, രാജു ഏബ്രഹാം, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി.ജോസഫ്, പത്തനംതിട്ടജില്ലാ കളക്ടർ ആർ.ഗിരിജ എന്നിവർ ഭവനത്തിൽ എത്തിച്ചേരുകയും കേരള സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് ശ്രീ രമേശ് ചെന്നിത്തല എന്നിവർ അനുശോചനം രേഖപ്പെടുത്തി. ഇൻഡ്യാപെന്തക്കോസ്ത് ദൈവസഭയുടെ കുമ്പനാട് എലീംസഭാംഗമായ അടപ്പനാംകണ്ടത്തിൽ മാത്യുസ് മാത്തുണ്ണി നന്മയുടെ മഹാപ്രഭാവമായിരുന്നുവെന്നും, പ്രവാസികളുടെ സംരക്ഷകനും, ആശ്വാസകനും ആയിതീർന്നതിനു പിന്നിൽ ദൈവസ്നേഹത്തിന്റെ പ്രതിഫലനം ആയിരുന്നുവെന്ന് എല്ലാവരും ഒരേസ്വരത്തിൽ പറഞ്ഞു.

ശവസംസ്കാരശുശ്രൂഷയിൽ സന്ദേശം നൽകിയ ഐ.പി.സി ജനറൽ സെക്രട്ടറി ഡോ.കെ.സി. ജോൺ പ്രതിസന്ധിഘട്ടത്തിൽ പതറാതെ അതിനെ അതിജീവിക്കുവാൻ പോംവഴി കണ്ടെത്തുന്നതിലൂടെയാണു ഒരു വ്യക്തിയഥാർത്ഥ ലീഡർ എന്നു തെളിയിക്കുന്നതെന്നും. അതിനു സണ്ണിച്ചായനു കഴിഞ്ഞു എന്നും അനുസ്മരിച്ചു. തിരുവചനത്തിൽ കാണുന്ന മോശ, സെരുബാബേൽ, നെഹമ്യാവ് എന്നീ സാരഥികളെപ്പോലെ പ്രശ്നത്തെ മുന്നിൽ കണ്ടുകൊണ്ട് പ്രാവീണ്യത്തോടെ ജനത്തെ നയിക്കുവാനുണ്ടായ സണ്ണിച്ചായന്റെ ദൃഢനിശ്ചയത്തേയും, സന്നദ്ധതയേയും ഇദ്ദേഹം എടുത്തുകാട്ടി സംസാരിച്ചു.

സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് ഐ.പി.സി കേരളസ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് നേതൃത്വം നൽകി. സംസ്ഥാന ഭാരവാഹികളായ പാസ്റ്റർമാരായ ഷിബു നെടുവേലിൽ രാജു പൂവക്കാല സി.സി.ഏബ്രഹാം എന്നിവരും സെമിത്തേരിയിലെ ശുശ്രൂഷയിൽ സഹകാരികൾ ആയിരുന്നു.

കേരളാ സ്റ്റേറ്റ് പി.വൈപി.യ്ക്കുവേണ്ടി സംസ്ഥാന പ്രസിഡന്റ് സുധി ഏബ്രഹാം കല്ലുങ്കൽ ഭവനത്തിൽ എത്തി അനുശോചനം അറിയിച്ചു.



# I.P.C. Worship Centre

Sharjah, Al-Ain, United Arab Emirates



**Pr. Wilson Joseph**
Senior Pastor
General Vice President, IPC

Weekly Meetings

**Worship Meeting**


**Friday:**
Main Hall (5:00 pm to 8:00 pm)

**Sunday:**
Hall No. 1 (8.:30 pm to 10:00 pm)

**Fasting Prayers:**
Friday 10:30 am - 1:00 pm (Hall - 2)
Last 3 days of the month

**English & Tamil Worship:**
Saturday 7:00 pm to 10:00 pm

## സീയോൻ കാഹളം സബ് എഡിറ്റേഴ്സ്



പാസ്റ്റർ അനിയൻകുഞ്ഞ്
ചേടിയത്ത്



പാസ്റ്റർ ബിനു
കൊന്നപ്പാറ



ജോസി പ്ലാത്താനത്ത്

News Paper Reg. No. 44558 / KERMAL 06025/1986




Printed and Published by Gladson Jacob for IPC Kerala State, Hebron, Kumbanad.
Chief Editor: Sudhi Kallumkal. Layout: Global, Tiruvalla.